ശ്രീചട്ടമ്പിസ്വാമിസ്മാരകഗ്രന്ഥമാല, നമ്പർ ൨.

രക്ഷാധികാരി

ബ്രഹ്മശ്രീ തച്ചുടയതമ്പുരാൻ തിരുമനസ്സുകൊണ്ട്.

ശ്രീ

# ബ്രഹ്മാഞ്ജലി

## രണ്ടാം ഖണ്ഡം

പ്രസാധകൻ

കടപ്ര അറയ്ക്കൽ എസ്. പരമേശ്വരൻ പിള്ള അവർകൾ, ബി. എ. ബി. എൽ.

[വില അണ ൩]

CHATTAMPI SWAMI ARCHIVE

CHATTAMPI SWAMI ARCHIVE

# ബ്രഹ്മാഞ്ജലി

## രണ്ടാം ഖണ്ഡം

സംപാദകൻ,

പണ്ഡിതപദാംകാത്യാശ്രമി,

ബ്രഹ്മശ്രീ നീലകണ്ഠതീർത്ഥപാദസ്വാമി

പ്രസാധകൻ

മ. രാ. രാ. അറയ്ക്കൽ എസ്. പരമേശ്വരൻപിള്ള
അവർകൾ ബി. എ., ബി. എൽ.

(കാപ്പി ൧൦൦൦)

[പുനർമ്മുദ്രണാധികാരം സംപാദകനുള്ളതാകുന്നു.]

തൃശ്ശിവപേരൂർ
വാണീകളേബരം അച്ചുക്കൂടം.

൧൦൮൬.

CHATTAMPI SWAMI ARCHIVE

CHATTAMPI SWAMI ARCHIVE

# ശുദ്ധപത്രം.

---

വശം ൧൩. ശ്ലോകം ൨. മനസ്സിനെത്താ'ത്'ഖില

ത്തിലും—

വശം ൧൩. ശ്ലോ. ൩. പാപമറു'ത്തി'ടേണം

വശം ൨൰. ശ്ലോ. ൬. മശേ'ഷാ'ഘം

CHATTAMPI SWAMI ARCHIVE

# അവതാരിക

'ബ്രഹ്മാഞ്ജലി' എന്ന ഈ കൃതിയുടെ സമ്പാദകനായ ബ്രഹ്മശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികളുടെ യശസ്സു തന്റെ ജന്മഭൂമിയായ കേരളത്തിൽ മാത്രമല്ല വ്യാപിച്ചിട്ടുള്ളത്. 'വസുധൈവകുടുംബകം' ആയി ജീവിക്കുന്ന ഇദ്ദേഹത്തിന്റെ പാവനനാമധേയം ഭാരതവർഷത്തിൽ മാത്രമല്ല, ജർമ്മനി മുതലായ പാശ്ചാത്യരാജ്യങ്ങളിൽ പോലും സുവിദിതമാണ്. ഈ മഹാപുരുഷൻ കൊല്ലം ൧൦൪൭-ാമാണ്ട് ഉത്തരതിരുവിതാംകൂറിന്റെ ഒരു ഭാഗമായ മൂവാററുപുഴത്താലൂക്കിൽ ഒരു പ്രസിദ്ധനായർകുടുംബത്തിൽ ജനിച്ചു. മലയാളം, ഇംഗ്ലീഷു മുതലായ ഭാഷകൾ പഠിച്ചതിനുമേൽ കൊച്ചിയിലെ രാജഗുരുവായ ശങ്കോപാദ്ധ്യായരോടു തർക്കവ്യാകരണാദിശാസ്ത്രങ്ങളും പരമഭട്ടാരകാദി ബിരുദാങ്കിതനും യോഗവിദ്യോപദേഷ്ടാവുമായ കുഞ്ഞൻപിള്ള ചട്ടമ്പി അവർകളോടു വേദാന്തശാസ്ത്രവും അഭ്യസിച്ചു. ഇൻഡ്യാമഹാരാജ്യം ഒട്ടുക്കു സഞ്ചരിക്കുകയും പല പണ്ഡിതകേസരികളുടേയും പരിചയം സമ്പാദിക്കുകയും, മീമാംസ, വേദാന്തം, ഈ ശാസ്ത്രങ്ങളുടെ രഹസ്യങ്ങളടങ്ങിയ പല ഗ്രന്ഥങ്ങൾ നിർമ്മിക്കുകയും ചെയ്തതിനുമേൽ സ്വാമികൾ ഇയ്യിടെ കുറെക്കാലമായി കരുനാഗപ്പള്ളിത്താലൂക്കിൽ ആതിനാട്ടിനു സമീപമുള്ള കൈതവന

CHATTAMPI SWAMI ARCHIVE

മാത്തിൽ താമസിച്ചുവരുന്നു. ഇദ്ദേഹത്തിൻെറ ജീവചരിത്രസംക്ഷേപം "ശ്രീനീലകണ്ഠതീർത്ഥസ്വാമിചര്യാ" എന്ന സംസ്കൃതപദ്യകൃതിയിൽനിന്നു കേരളീയക്ക് ഗ്രഹിക്കാവുന്നതാണ്. ഭാഷയിലും ഇദ്ദേഹത്തിൻെറ ജീവചരിത്രം അചിരേണ പ്രസിദ്ധീകരിക്കപ്പെടുമെന്നറിയുന്നതിൽ ഏററവും സന്തോഷിക്കുന്നു.

സ്വാമികൾ സംസ്കൃതത്തിലും മലയാളത്തിലുമായി പദ്യമായും ഗദ്യമായും അനവധി ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുണ്ട്. അവയുടെ വിവരണമൊ വിമർശമൊ ഇവിടെ അപ്രകൃതമാകയാൽ അതിലേക്കായി ഒരുങ്ങുന്നില്ല. വ്യാകരണം, തർക്കം, മീമാംസ, വേദാന്തം ഈ നാലു വിഷയങ്ങളിലും ഒരു മാതിരി പ്രവേശമില്ലാത്തവക്ക് ഈ മഹാപണ്ഡിതൻെറ കൃതികളിൽ പലതും ദുഗ്രഹമായി തോന്നും. എന്നാൽ അവയിൽ കഠിനഭാഗങ്ങൾക്കെല്ലാം ചുവടേ ടിപ്പണികൂടി എഴുതിച്ചേർത്തിട്ടുള്ളതുകൊണ്ടു കിഞ്ചിജ്ഞന്മാർ കേവലം അധൈര്യപ്പെട്ടു പിന്മാറണമെന്നുമില്ല. കണ്ഠാമൃതലഹരി, സങ്കല്പകല്പലതിക, യോഗാമൃതതരംഗിണി, സ്വാരാജ്യസർവ്വസ്വം മുതലായ സംസ്കൃതഗ്രന്ഥങ്ങളിൽ സ്വാമികൾ പ്രദർശിപ്പിച്ചിരിക്കുന്ന സർവ്വതോമുഖമായ വൈദുഷ്യം വൈയാകരണന്മാരേയും വേദാന്തികളേയും ആശ്ചര്യപരതന്ത്രന്മാരാക്കിത്തീക്കുന്നു. ഇങ്ങനെ സർവ്വതന്ത്രസ്വതന്ത്രനായ ഒരു പരമഹംസൻ ഇപ്പോൾ കേരളത്തിൽ വേറെ ഇല്ലെന്നു ശപഥം ചെയ്യാം.

CHATTAMPI SWAMI ARCHIVE

ഞാൻ പലകൃതികൾക്കും അവതാരിക എഴുതി ട്ടുണ്ടെന്നുവരികിലും ഇദ്ദേഹത്തിൻെറ കൃതികളുടെ താല്പൎയ്യം മുഴുവൻ മനസ്സിലാക്കുന്നതിനു തക്ക ശക്തിയോ അവയിൽ ഏതെങ്കിലും ഒന്നിനെ വിദ്വൽസമക്ഷം അവതരിപ്പിക്കുന്നതിനു യോഗ്യതയോ ഉള്ളവനെന്ന് എനിക്കു ലേശംപോലും അഭിമാനമില്ല. സ്വാമികളുടെ എല്ലാകൃതികളും ഞാൻ വായിച്ചിട്ടുണ്ട്; ഇപ്പോഴും വായിക്കുന്നു; ഇനിയും വായിക്കതന്നെ ചെയ്യും. ഈ 'ബ്രഹ്മാഞ്ജലി' രണ്ടാം ഭാഗത്തിൽ തന്നെ ധൎമ്മചിന്ത, ശ്രവണവിചാരപദ്യ, ആത്മവിചാരപദ്യ, മുതലായ ഭാഗങ്ങൾ എന്നെ എത്രമാത്രം ആനന്ദപരവശനാക്കിത്തീൎത്തിരിക്കുന്നു എന്നു പറഞ്ഞറിയിക്കുവാൻ പ്രയാസമാണ്. തൻെറ ഒരു പ്രൌഢമായ പ്രസിദ്ധീകരണത്തിനു ഞാൻ ഒരവതാരിക എഴുതണമെന്നുള്ള സ്വാമികളുടെ ആജ്ഞയെ ഞാൻ അനുഗ്രഹനിവിശേഷമായി അംഗീകരിച്ച് ആ മഹാനുഭാവൻെറ മാഹാത്മ്യത്തേയും എനിക്ക് അദ്ദേഹത്തോടുള്ള ഭക്ത്യാദരങ്ങളേയും ലക്ഷ്യമാക്കി ഏതോ ചിലതെല്ലാം ഇവിടെ എഴുതുന്നു എന്നുമാത്രമേയുള്ളു. അല്ലാതെ പ്രകൃതപുസ്തകത്തിൽ അടങ്ങിയിരിക്കുന്ന വിഷയങ്ങളെപ്പററി എന്തെങ്കിലും ചൎച്ച ചെയ്യുന്നത് എൻെറ നിലയിലുള്ള ഒരാളുടെ വിഷയത്തിൽ സൎവ്വഥാ സാഹസമായിത്തന്നെ പരിണമിക്കുന്നതാണ്.

ആത്മജ്ഞാനാൎത്ഥികളും മുമുക്ഷുക്കളുമായ കേ

CHATTAMPI SWAMI ARCHIVE

രളീയമഹാജനങ്ങൾക്ക് 'ബ്രഹ്മാഞ്ജലി' ഒരു അമൂല്യ നിധിയായിത്തീരുമെന്നുള്ള എന്റെ അഭിപ്രായത്തോടു സഹൃദയന്മാർ യോജിക്കാതിരിക്കുകയില്ല. പരമകാരുണികനും പണ്ഡിതശിരോലങ്കാരവുമായ സ്വാമികൾ ലോകോപകാരാത്ഥം ഇനിയും വളരെക്കാലം ആരോഗ്യസൌഖ്യവാനായി ജീവിച്ചിരുന്ന് അസ്മാദൃശന്മാക്കു ധമ്മോപദേശം ചെയ്യുന്നതിനു സാക്ഷാൽ ദക്ഷിണാമൂത്തിതന്നെ സംഗതി വരുത്തുമാറാകട്ടെ.

Trivandrum,
13th Nov. 1918.

ഉള്ളൂർ എസ്. പരമേശ്വരയ്യർ
(ഒപ്പ്)

CHATTAMPI SWAMI ARCHIVE

# മുഖവുര

'ബ്രഹ്മാഞ്ജലി'യുടെ ഉദ്ദേശ്യനിർദ്ദേശനാദികൾ പൂർവ്വഖണ്ഡപ്രസ്താവങ്ങളാൽ വായനക്കാൎക്കു സുപരിചിതമായിരിക്കാനിടയുള്ളതുകൊണ്ടും, "കേരളീയമഹാജനങ്ങൾക്കു ബ്രഹ്മാഞ്ജലി ഒരു അമൂല്യനിധി" എന്നു പറഞ്ഞു വിശ്രുതഗ്രന്ഥകാരനായ 'കവികേസരി' ഉള്ളൂർ പരമേശ്വരയ്യരവർകൾ എം. എ., ബി. എൽ., എം. ആർ. ഏ. എസ്. ഈ രണ്ടാം ഭാഗത്തെ അവതരിപ്പിച്ചിരിക്കകൊണ്ടും ആ വഴി എനിക്കുള്ള പര്യടനശ്രമം ലഘൂകരിക്കപ്പെട്ടിരിക്കുന്നു. വാഗ്വ്യാപാരക്ഷമമല്ലാത്തതിനാൽ "നേതി നേതി" ദ്വാരാ ശ്രുതി ബ്രഹ്മത്തെ എന്നപോലെ ഈ ഗ്രന്ഥാവലിയുടെ ഭൂമികാരചയിതാക്കളായ മഹാകവികൾ ശിരഃകമ്പപൂർവ്വം ഇതിൻെറ അഭ്യർഹിതത്വത്തെ പ്രകാരാന്തരേണ പ്രദ്യോതിപ്പിച്ചിരിക്കയാൽ ഗ്രന്ഥപ്രശംസയ്ക്കായി സമയം വിനിയോഗിക്കേണ്ട ഭാരവും എനിക്കില്ല.

'മതത്തോടു സംഘടിക്കാത്ത വിദ്യാഭ്യാസഫലം നോക്കുമ്പോൾ നാം ബുദ്ധിവൈദഗ്ദ്ധ്യമുള്ള ദുർദ്ദേവതകളാൽ ചുററപ്പെട്ടുപോലെയാണു" എന്നുള്ള മഹാനായ വെല്ലിങ്ടൻപ്രഭുവിൻെറ വാക്യത്തേയും, 'ഒരു മിന്നിട്ടുപോയാൽ അതു പോയതുതന്നെ' എന്ന 'ആംഗലപരിഭാഷാ'ർത്ഥത്തേയും പുരസ്കരിച്ചു ന

CHATTAMPI SWAMI ARCHIVE

മ്മുടെ സമുദായത്തിന് ഇതുപയോഗയോഗ്യമാക്കിത്തീർക്കേണ്ടകാലം അത്യന്തം സന്നിഹിതമായിരിക്കുന്നു. 'തത്വാലോകമന്ദിര'ഗ്രന്ഥാവലി ചിരകാലപ്രാർത്ഥനാഫലമായി നമുക്കു സിദ്ധിച്ചിട്ടുള്ളതാകയാൽ ഇതിന്റെ പേരിൽ വൃത്തിപ്രവാഹത്തിനു ശക്തിക്കുട്ടമെന്നു പറയേണ്ടതില്ലല്ലൊ. ആദ്യഖണ്ഡത്തെ അപേക്ഷിച്ച് ഇതിലെ വിഷയഘടന ക്രമപ്പെടുത്തപ്പെട്ടും ബൃഹൽക്കരിക്കപ്പെട്ടും ഇരിക്കുന്നു എന്നുള്ളതു പ്രത്യേകശ്രദ്ധയെ ആകർഷിക്കുന്നു. പരിഷ്കൃതമായ അഭിനവശുദ്ധഭാഷയിലാണ് ഇതെഴുതീട്ടുള്ളതെന്നു വരികിലും പ്രമേയഗതമായുണ്ടാകാവുന്ന പരിജ്ഞാനക്കുറവിനെ പരിഹരിക്കുന്നതിലേക്കു പദംപ്രതി ലളിതതരവ്യാഖ്യാനം ചേർത്തിരിക്കകൊണ്ടു് ഇതു പ്രൌഢമതഗ്രന്ഥങ്ങളിൽ കരേറണമെന്നുള്ളവർക്കു പ്രവേശനദ്വാരമായും, അവ്യാകുലബുദ്ധികൾക്കു മുക്തിദ്വാരപ്രദേശകമായും പരിലസിക്കുന്നു. ഇതിന്റെ ഗ്രഥന പദ്യപാഠമഞ്ജരിയുടെ രീതിയിലാണ്. ഇതിൽ സമാഹരിക്കപ്പെട്ടിരിക്കുന്ന—, വിദ്യാഭാരതി, കവിദീപൻ, പരമാനന്ദനാഥൻ മുതലായവരുടെ രചനകളും തുല്യയോഗക്ഷേമങ്ങൾ തന്നെയാകുന്നു എന്നു പറയുന്നതിൽ പക്ഷാന്തരമില്ല.

തത്വാർത്ഥകങ്ങളായ പ്രാതസ്സ്മരണങ്ങൾ കഴിഞ്ഞു ശ്രീകൃഷ്ണാഷ്ടകം, ഹയഗ്രീവപഞ്ചകം, ഭഗവൽസ്തോത്രാഷ്ടകം, ശിവാഞ്ജലിദശകം, സുബ്രഹ്മണ്യപഞ്ചകം, ശംഭുചരണാഷ്ടകം എന്നീ സ്തോത്രസന്ദർഭവും

CHATTAMPI SWAMI ARCHIVE

പിന്നീടു (മുക്തി) സാധനവിചാരപദ്യ, മഹാദേവ പഞ്ചകം, സൃഷ്ടിവിചാരപദ്യ, ശിവനവകം, ശ്രവണ വിചാരപദ്യ, പരദേവതാഷ്ടകം, ആത്മവിചാരപ ദ്യ, ജീവന്മുക്തിവിചാരപദ്യ ഇത്രയും നിർഗ്ഗുണബ്രഹ്മ പ്രതിപത്തിമൂലകസ്തോത്രങ്ങളും അദ്വൈതപ്രകരണ ങ്ങളും ഇടകലൎന്നുള്ള ഒരു വിശിഷ്ടാഖ്യാനവും ഇതിൽ അടങ്ങിയിരിക്കുന്നു. ഉപദേശഭാഗങ്ങൾക്കു് ആന ഷ്ടഭവൃത്തമാണ് ശ്രേഷ്ഠമെന്ന പൂൎവ്വാചാൎയ്യസമ്മതി യനുസരിച്ചാകുന്നു ആ അംശം രചിച്ചിട്ടുള്ളതു്. സ ജാതീയപ്രാസക്രമം അംഗീകരിച്ചിരിക്കെ നിരൎത്ഥക വും പൂരണമാത്രപരവും ആയ ഒരു പദമെങ്കിലും കാ ണാനില്ലാത്തതിനാൽ ഇതൊരു മാതൃകാപാഠമാണെ ന്നു് ഉറപ്പായിപ്പറയാം. വ്യാഖ്യാനരൂപത്തിൽ ചേ ൎത്തിട്ടുള്ള ഇതരമതസിദ്ധാന്തസാരം പ്രൌഢന്മാരെ രസിപ്പിക്കുന്നതരമാണ്. ആകപ്പാടെ ഇതു് ആ ഗോപാലപണ്ഡിതം ആദരണീയമായിരിക്കുന്നു എ ന്നു ഞാൻ പറയുന്നതായാൽ അതു സാഹസമായേ ക്കുമെന്നു കരുതി ആ ഭാഗം മാന്യന്മാൎക്കായി വിട്ടി രിക്കുന്നു.

എന്നു് പ്രസാധകൻ

കടപ്ര } അറയ്ക്കൽ എസ്. പരമേശ്വരൻ
൧൦൮൫-൧൦-൧൫ } പിള്ള (ബി. എ., ബി. എൽ.)

CHATTAMPI SWAMI ARCHIVE

എൻ. എസ്.

"തത്വാലോകമന്ദിരഗ്രന്ഥാവലി"

നമ്പർ ൨.

# ബ്രഹ്മാഞ്ജലി

## മംഗളം

"നിസ്തുലാനുഗ്രഹങ്ങൾക്കു വാസ്തുഭൂവായ്ത്തിളങ്ങിടും
വസ്തു ‡ വിദ്യാധിരാജാഖ്യമസ്തു വാഗർത്ഥദം സദാ."

ധർമ്മചിന്ത—

"കാമം ഭയം ലോഭമിതൊന്നിനാലു-
മീമർത്ത്യദേഹസ്ഥിതിയോർത്തുപോലും
നാമങ്ങു ധർമ്മം വെടികൊ,ല്ലകന്നു-
മനിത്യമാം ദ്വന്ദ്വമിരിക്ക ഞായം."

[സൂചന— പ്രാതഃപ്രബോധം, പൌരസ്ത്യന്മാരും പാശ്ചാത്യന്മാരുമായ തത്വദർശികൾ ഒരുപോലെ സംവദിക്കുന്നതും ആയുഃ,ശ്രീ, വിജ്ഞാന,സമ്പൽപ്രദവും ആകയാൽ പ്രഭാതത്തിലുണർന്നു മേല്പറഞ്ഞ പ്രകാരം ധർമ്മചിന്ത ചെയ്കയും പിന്നീടു്, വഴിയെ പ്രസ്താവിക്കാൻ പോകുന്ന ആത്മൈക്യഭാവന, കാരണപരമേശ്വരഭാവന, സദ്ഗുണേശ്വരാനുസ്മരണ മുതലായതു മുറയ്ക്കു ചെയ്കയും പ്രതിദിനം വേണ്ടതാകുന്നു. അന്തർമ്മുഖാവസ്ഥയിൽനിന്നു (കരണങ്ങൾ ഉപരമിച്ചിരി

‡ 'വിദ്യാധിരാജ'ശബ്ദം ശ്രീമത്സൽഗുരുപരമായിരിക്കുന്നതുകൂടാതെ മന്ത്രാവയവമാകയാൽ ഹയഗ്രീവപരമായും വ്യാഖ്യാനിക്കപ്പെടേണ്ടതാണു്. 'ദ്വന്ദ്വ'=സുഖദുഃഖാദിയായ ഇരട്ട.

CHATTAMPI SWAMI ARCHIVE

ക്കുന്ന നിദ്രയിൽനിന്നു) ബഹിർമ്മുഖപ്പെടുന്ന, ദൈനംദിനസമ്പ്രദായത്തെ (ദിവസംതോറുമുള്ള നടപ്പിനെ) ആശ്രയിച്ചാകുമ്പോൾ ആത്മൈക്യഭാവനയിൽ നിന്നു നിർഗ്ഗുണബ്രഹ്മത്തിലേക്കും പിന്നീടു സഗുണേശ്വരങ്കലേക്കും മററും ബുദ്ധിവൃത്തിയെ നയിക്കുന്നതു യുക്തമാകുന്നു. 'പിതാവും സുഷുപ്തിവേളയിൽ പിതാവാകുന്നില്ല' എന്നുള്ള സിദ്ധാന്തവും സൌഷുപ്തജീവവാദമത്തെ നിരാകരിച്ച് (അനുഭവേത്തോടുകൂടായ്കയാൽ ഉപാധിയുടെ സാമാന്യലയസംയുക്തമായുള്ള) സുഷുപ്തിയിലെ ആത്മത്വാവസ്ഥാനവ്യവസ്ഥാപനവും ഓർക്കേണ്ടതാണ്. "സതാ സോമ്യ തദാ സമ്പന്നോ ഭവതി, സ്വമപീതോ ഭവതി" ഹെ പ്രിയദർശന! സുഷുപ്തിയിൽ അന്തഃകരണാദിയുടെ ലയത്താൽ, അതിൻസംസർഗ്ഗത്താലുള്ള ജീവത്വം വിട്ടു സ്വകീയമായ (ആത്മ) സ്വരൂപത്തോടുകൂടിയവനായി ഭവിക്കുന്നു, എന്നു ശ്രുതി പറയുന്നു.

കാര്യബ്രഹ്മപരമായി അല്ലെങ്കിൽ സഗുണപരമായി നോക്കുമ്പോൾ സ്തോത്രവിഷയത്തിൽ ഭേദം തോന്നിയാലും വിവക്ഷ, കാരണത്തിലായിരിക്കുന്നതും അപ്പോൾ ഭേദാരോപം മിത്ഥ്യയായിത്തീരുന്നതുമാകുന്നു. എന്നാൽ ഈ "ശിരോവേഷ്ടപ്രാണായാമ"ത്തിന് എന്തിനായിട്ടു പോകുന്നുവെന്നാണെങ്കിൽ രുച്യുല്പാദനാർത്ഥമാകുന്നു എന്നു ധരിക്കണം. ഇപ്രകാരമാണ്, സർവ്വജ്ഞമാധവൻ എന്ന വിരുതുപേർകൊണ്ടു ജഗൽഗുരു ശ്രീവിദ്യാരണ്യസ്വാമികൾ ബ്രഹ്മഗീതാവിവരണത്തിൽ പറഞ്ഞിരിക്കുന്നതു്. പിന്നെ, "ഞങ്ങൾ ശൈവന്മാർ (ശാംകരാദ്വൈതികൾ) ആണെന്നുള്ളതിൽ യാതൊരു തർക്കവുമില്ല; പഞ്ചാക്ഷരജപതല്പരന്മാരാകുന്നു എന്നതും തീർച്ചതന്നെ; എന്നാലും എന്റെ മനസ്സ് അതസീകുസുമാവഭാസൻ (കായാംപൂവർണ്ണൻ) ആയ ശ്രീകൃഷ്ണനെത്തന്നെ അനുസ്മരിക്കുന്നു" എന്ന്, കർണ്ണാമൃതകർത്താവായ സാക്ഷാൽ വില്വമംഗലത്തു സ്വാമിയാർ പറഞ്ഞതും, "സർവ്വലോകങ്ങൾക്കും ആധാരഭൂതനായ പരമശിവങ്കലാകട്ടെ സർവ്വാന്തര്യാമിയായ വിഷ്ണുഭഗവാങ്കലാകട്ടെ, (ഏകാത്മഭാവത്താൽ) ഭേദബുദ്ധി തെല്ലുപോലുമുണ്ടാകുന്നില്ല, എങ്കിലും എനിക്കു പരാന്തരക്തി പരമശിവങ്കലാകുന്നു" എന്നു ബ്രഹ്മവിൽപ്രകാണ്ഡനായ ഭഗവാൻ ശ്രീഹരിയോഗീശ്വരൻ പറഞ്ഞതും രുചിഭേദത്തിനു ദൃഷ്ടാന്തമാകുന്നു. അദ്വൈതസിദ്ധാന്തപ്രകാരമായാൽ ഏതുതരം മൂർത്തികളുടേയും (ആരോപ

ദേവന്റെയും) ഉപാസനം ഫലപ്രദം തന്നെയാണ്. ഇങ്ങനെയാകു മ്പോൾ അസംസ്കൃത (അശുദ്ധ) ഉപാധികളായ അന്യമതദ്ദേവന്മാക്കളുടേയൊ വല്ല കാട്ടുമാടന്മാരുടേയൊ ധ്യാനോപാസ്തികളായാലും മുക്തിയ്ക്കു മതിയാകയില്ലയൊ എന്നു ശങ്കവന്നാൽ അതു ശരിയല്ല. എന്തെന്നാൽ ഉപാസ്യദേവതയുടെ ഉപാധിതാരതമ്യംപോലെ ഫലത്തിലും താരതമ്യം (ഏറ്റക്കുറവ്) സംഭവിയ്ക്കുന്നതാകയാൽ, ഉപാസകന്റെ ചിത്തശുദ്ധി മുതലായ ആന്തരഗുണങ്ങൾക്കനുസരണമായുണ്ടാകുന്ന അധികാരിത (യോഗ്യത) പോലെ ഉപാധിയുടെ സൂക്ഷ്മ, സൂക്ഷ്മതര സ്വഭാവവും നിമ്മലതയും സവ്വപ്രധാനമായി ഗ്രഹിയ്ക്കേണ്ടതാകുന്നു. കുട്ടിപ്രായത്തിൽ കളിപ്പാട്ടം വാങ്ങിത്തന്ന്, ഗുരുജനങ്ങളാൽ ക്രീഡയിൽ വ്യാപരിപ്പിയ്ക്കപ്പെടുന്ന ബാലന്മാർ അവിടം കഴിയുമ്പോൾ അക്ഷരാഭ്യാസത്തിൽ നിയുക്തന്മാരായി ക്രീഡാധികാരത്തെ നിവൃത്തിയ്ക്കുന്നു (വെടിയുന്നു). അനന്തരം അവക്കു ഛന്ദോമയഭാഷാജ്ഞാനത്തിനുവേണ്ടി "ദോഷരഹിതമായും ഗുണവത്തായുമുള്ള" കാവ്യാദിപാഠത്തെ വിധിയ്ക്കുന്നു. വ്യുല്പത്തി വന്നതിനുശേഷമുള്ള കാലം "കാവ്യാലാപങ്ങൾ വജ്ജിയ്ക്കേണ"മെന്നു വിധിയ്ക്കയാൽ കാവ്യം പഠിച്ചതിന്റെ ഫലം സിദ്ധിച്ചതുകൊണ്ട് അതിൽനിന്നും ഉന്നതസ്ഥാനത്താണ് അവക്കുള്ള അധികാരം എന്ന അത്ഥത്തിൽ ഈ വിധി ഇവിടെ നിവത്തകമായും ഉത്തരഭൂമികയിൽ പ്രവത്തകമായും ഇരിയ്ക്കുന്നു. പിന്നീട്, "ഹേതു" അല്ലെങ്കിൽ "കാര്യ" സമുദായരൂപ (മായ) ന്യായമാഗ്ഗമായി ആത്മാവിനെ അറിയണമെന്നു (വിജ്ഞാനാത്ഥം) ന്യായശാസ്ത്രാഭ്യാസവിധി ഏല്പെടുന്നു. ആത്മവിഷയത്തിൽ പലക്കും ഭ്രമമുണ്ട്. പ്രത്യക്ഷപ്രമാണവാദികളായ ചാവ്വാക (നാസ്തിക) ന്മാരും വെറും പാമരന്മാരും, ശ്രുതി സിദ്ധമാണ് ഇവരുടെ മതം എന്നു കാണിക്കുന്നതിലേയ്ക്കു വിരോചനന്റെ മതത്തേയും വേദപ്രതിപാദിത അന്നമയകോശത്തേയും ആശ്രയിച്ച്, ദേഹസാക്ഷി (കൂടസ്ഥചൈതന്യം) തുടങ്ങി സ്ഥൂലദേഹം വരെയുള്ള സംഘാതത്തെ (കൂട്ടിനെ) ആത്മാവെന്നു പറയുന്നു. ഇന്ദ്രിയാധിഷ്ഠാനദേവതകൾ തമ്മിൽ മേന്മയെക്കുറിച്ചു കലഹിച്ചതായും മറ്റും "പ്രശ്നോപനിഷത്ത്; ഛാന്ദോഗ്യോപനിഷത്ത് അഞ്ചാമദ്ധ്യായം പ്രഥമഖണ്ഡം; ബൃഹദാരണ്യകഷഷ്ഠാധ്യായം" മുതലായതിൽ പറഞ്ഞിരിയ്ക്കയാലും "ഞാൻ പറയുന്നു, കേൾക്കുന്നു" എന്നുള്ളിടത്തെല്ലാം ഇന്ദ്രിയം പ്രധാനമായിത്തോന്നുകകൊ

ങ്ങും ഇന്ദ്രിയമാണാത്മാവെന്ന് ഒരു ഉയർന്നതരം ലോകായത (നാസ്തിക) മതക്കാരൻ വിചാരിയ്ക്കുന്നു. കരണങ്ങൾ ഓരോന്നായി ദേഹത്തിൽനിന്നു പിരിഞ്ഞപ്പോൾ ആ ഇന്ദ്രിയത്തിനുമാത്രം വൈകല്യമുണ്ടായതും പ്രാണൻ വിട്ടുമാറിയതോടുകൂടി ദേഹം പതിച്ചതുംകൊണ്ട് ആ വാദത്തിൽ പ്രാണൻ പ്രധാനമെന്നു വന്നുകൂടി. ഇക്കാരണത്തിന്മേൽ ഹൈരണ്യഗർഭന്മാർ (ഹിരണ്യഗർഭ ഉപാസകന്മാർ) പ്രാണമയകോശമാണാത്മാവെന്നു സിദ്ധാന്തിയ്ക്കുന്നു. ഭോക്താവ്, എന്ന നില, പ്രാണനില്ലാത്തതിനാലും ബന്ധമോക്ഷങ്ങൾക്കു കാരണം മനസ്സാണെന്നു ശ്രുതി പറകനിമിത്തവും മനസ്സാണാത്മാവെന്ന് ഉപാസനക്കാർ പറയുന്നു. മനസ്സിന്റെ നാരായവേരു വിജ്ഞാനമാകയാൽ വിജ്ഞാനവാദിയായ ബൌദ്ധൻ വിജ്ഞാനമയകോശമാണ് ആത്മാവെന്നു വാദിയ്ക്കുന്നു. മിന്നൽപ്പിണർ പോലെയും മേഘച്ഛായ പോലെയും വിജ്ഞാനം ക്ഷണപ്രധ്വംസിയാകകൊണ്ടും സ്ഥിരമായൊന്നു കാണായ്കകൊണ്ടും "ശൂന്യ"മാണാത്മാവെന്നു ശൂന്യവാദി (മാദ്ധ്യമികബൌദ്ധൻ) പറയുന്നു. ഇതുപോലെ ആത്മാവിന്റെ സ്വരൂപത്തിൽ വിപരീത (അന്യഥാന്യഥാ) പ്രതിപത്തിയുള്ളവരും വളരെയുണ്ട്. ആകാശംപോലെ ഒരു ദ്രവ്യമാണ് ആത്മാവെന്നും ആകാശത്തിനു ശബ്ദമെന്നവണ്ണം ചിത്തം (ജ്ഞാനം) അതിന്റെ ഗുണമാണെന്നും ധർമ്മാധർമ്മങ്ങളും സുഖദുഃഖങ്ങളും ഇച്ഛാദ്വേഷാദികളും ഇവററിൻ സംസ്കാരങ്ങളും അപ്രകാരം തന്നെ ഗുണങ്ങളാകുന്നു എന്നും സ്വതേ ആത്മാവു ജഡസ്വഭാവനാണെന്നും പ്രഭാകരമതക്കാരും പഴയ താർക്കികന്മാരും പറയുന്നു "ഞാൻ സുഖമായി ഉറങ്ങി, ഒന്നുമറിഞ്ഞില്ല" എന്ന് ഉണർന്നവന് അനുഭവമുണ്ടാകുന്നതുകൊണ്ടു "ജഡചേതന"രൂപനാണാത്മാവെന്നാകുന്നു ഭട്ടപാദമതാനുയായികൾ വിചാരിയ്ക്കുന്നത്. പരസ്പരം വിരുദ്ധമായ സ്വഭാവത്തോടുകൂടി ഇരിയ്ക്കയെന്നതു ചേരായ്കകൊണ്ടും ആത്മാവ്, നിരാശനാകനിമിത്തവും ചിദ്രൂപനാണെന്നു സാംഖ്യമതക്കാർ സിദ്ധാന്തിക്കുന്നു. ഇവരെല്ലാം ശ്രുതിസിദ്ധയഥാർത്ഥാത്മവിഷയത്തിൽ സ്ഖലിതന്മാർ (തെററുകാർ) തന്നെ ആകുന്നു. ചിലരുടെ പക്ഷത്തിൽ—, വിജ്ഞാനത്തിൽനിന്നു വേറായി വിജ്ഞാതാവൊരാളുണ്ടെങ്കിൽ വിജ്ഞാനത്തെ വേർപിരിച്ച് അതിന്നതാണെന്നും ഇന്നവിധമുള്ളതാണെന്നും ദൃഷ്ടാന്തപ്പെടുത്തേണ്ടതാണ്. അങ്ങനെ ചെയ്യാത്തതുകൊണ്ട് അംഗീകരിപ്പാൻ നിവൃത്തി

CHATTAMPI SWAMI ARCHIVE

യില്ല; എന്നൊരാക്ഷേപമുണ്ട്. ആത്മാവു തന്നെത്താനറിയുന്നവ
നെന്നല്ലാതെ അന്യനു കാണ്മാൻ ശക്യനല്ലാത്തതിനാൽ എങ്ങനെ
അനുഭവപ്പെടുത്തും എന്നാണ് സമാധാനം. ഉദാഹരണത്തിനായി
കാഴ്ചയുള്ള ഒരുവനെ എടുക്കാം; അവൻ താനേ രൂപം കാണുന്നു; എ
ന്നാൽ ജാത്യന്ധനു് അതു കാണിച്ചുകൊടുപ്പാൻ അവനു കഴിവില്ല.
കാണിപ്പാൻ കഴിയാത്തതുകൊണ്ട് അതു് ഇല്ലാത്തതെന്നു വരുന്നില്ല
ല്ലോ! ഇതുപോലെ ആത്മാവു തന്നെത്താൻ കാണുന്നു. അന്യനു ദ
ർശിപ്പിയ്ക്കാൻ ശക്തനാകുന്നില്ല. അന്യനായ ദ്രഷ്ടാവിനു് ആത്മാ
വിൽ ദർശനശക്തിയുണ്ടാകുന്നില്ല. ആ അന്യപുരുഷൻ തന്നെത്താ
നറിയുന്നുവെങ്കിലും അന്യാത്മാവിനെ അറിയുന്നില്ല. അതുകൊണ്ടു
പരനെ അറിയുന്നില്ലെങ്കിലും എല്ലാവരും തന്നെത്താനറിയുന്നു. ഈ
വിഷയത്തിൽ (വാജസനേയക) ബ്രാഹ്മണമിങ്ങനെ പറയുന്നു—,
'(ആദിത്യചന്ദ്രാഗ്നികളെപ്പോലെ) വാക്കുകൂടി ഉപശാന്തമായാൽ ഈ
പുരുഷന്നു് (ആവേദകമായി) എന്തൊരു വെളിച്ചമാണുള്ളതെന്നു (വി
ദേഹരാജാവു) ചോദിച്ചതിനു് അപ്പോൾ ആത്മജ്യോതിസ്സുണ്ട്" എ
ന്നാണ് (യാജ്ഞവല്ക്യമഹർഷി) സമാധാനം പറഞ്ഞതു്. ആത്മാ
വു സ്വയംജ്യോതിസ്സാണെന്നു പറയുന്നതുകൊണ്ട് അന്യനാൽ അ
ഗ്രാഹ്യനാകുന്നു എന്നാണ് വേദത്തിന്റെ താല്പര്യം. മീമാംസാഭാഷ്യ
കാരനായ ശബരസ്വാമി—, "ഞാൻ മോഹം (ഭ്രാന്തു്) പറകയല്ലെന്നും
ഈ ആത്മാവു നാശധർമ്മരഹിതനാണെന്നും" ഉള്ള യാജ്ഞവല്ക്യ
വചനമുദ്ധരിച്ചു് അനേകദൃഷ്ടാന്തങ്ങളോടെ ആത്മാവു സുഖാദിയിൽ
നിന്നു് അന്യനാണെന്നു വ്യവസ്ഥാപിച്ചിട്ടുണ്ട്. ലോകാന്തരങ്ങളിൽ
ഗതാഗതം ചെയ്യത്തക്കതും ദേഹരാശിയിൽനിന്നു് അത്യന്തഭിന്നനും
ആയി മേൽപ്പറഞ്ഞപ്രകാരം ആത്മാവുണ്ടെന്നറിഞ്ഞവനു് "തത്
വിദ്യയനർത്ഥദം" എന്നപോലെയുള്ള ഭാഗം നിവർത്തകമായും "ധർമ്മം
താനാചരിയ്ക്കണം" എന്ന വിധി ഉത്തരഭൂമികയിൽ (ഉയർന്ന പടി
യിൽ) പ്രവർത്തകമായും തീരുന്നു. ധർമ്മാർത്ഥമായി പൂർവ്വമീമാംസയുടേ
യും വേദോക്തകർമ്മകാണ്ഡത്തിന്റേയും പാഠവും വിധിയ്ക്കുന്നു. ഈ
വഴി ധർമ്മം, അർത്ഥം, കാമം എന്ന മൂന്നു പുരുഷാർത്ഥങ്ങളും സാധിച്ച
ശേഷം "അകൃതം" എന്നു വേദം പറയുന്ന മോക്ഷം "കൃതം" എന്നു
പറയുന്ന കർമ്മംകൊണ്ടു സിദ്ധിയ്ക്കുന്നതല്ലാത്തതിനാൽ കർമ്മത്തിൽനി

CHATTAMPI SWAMI ARCHIVE

ന നിവൎത്തിപ്പാനും മോക്ഷമായ നാലാമത്തെ പുരുഷാൎത്ഥത്തിൽ പ്രവൎത്തിപ്പാനും വിധി ഉണ്ടാകുന്നു. അഗ്രാഹ്യനാണാത്മാവെന്നു പറഞ്ഞ സ്ഥിതിയ്ക്കു് ആത്മാവിനെ അറിയുന്നതെങ്ങനെയെന്നു ശങ്കവന്നാൽ "നേതിനേതി" (ഇത,ല്ലിതല്ല) എന്ന നിഷേധലക്ഷണത്താലാകുന്നു എന്നു ശ്രുതി ഉപദേശിയ്ക്കുന്നു. ഭട്ടപാദാദികളുടെ ആത്മാവലോകനം മുമ്പു പറഞ്ഞപ്രകാരം സ്ഖലിതമാണെങ്കിലും, "നാസ്തികമതഖണ്ഡനോദ്യുക്തനായ ഭാഷ്യകാരൻ ആത്മാവിൻെറ യാഥാൎത്ഥ്യം (ഉണ്മ) ഇങ്ങനെ വ്യവസ്ഥാപിച്ചു എന്നും വേദാന്തപരിശീലനംകൊണ്ടു് ഈ വിഷയത്തിൽ ദൃഢതചമുണ്ടാകുന്നതാണെന്നും" (ഭാഷ്യാഭിപ്രായത്തെത്താങ്ങി) വാൎത്തികത്തിൽ പറഞ്ഞിരിയ്ക്കയാൽ കുമാരിലഭട്ടനും വേദാന്തത്തിനു പ്രതിഷ്ഠ കൊടുത്തിരിയ്ക്കുന്നു. നൈയായികചക്രവൎത്തിയായ ഉദയനാചാൎയ്യൻ (ബൌദ്ധാധിക്കാരത്തിൽ) "ദുശിയ്ക്കിരിമ്പിന ചെന്നവൻ ഭാരത്തിൻെറ വില തിരക്കുന്നതെന്തിന്" എന്ന അൎത്ഥത്തിൽ, "ഇഞ്ചി വില്പാനിറങ്ങിയ നമുക്കു കപ്പല്ക്കാൎയ്യത്തിൽ എന്തു പ്രവേശം" എന്നു പറഞ്ഞു വേദാന്തമതത്തിൻെറ മേന്മയെക്കാണിച്ചിരിയ്ക്കുന്നു. മതവിഷയത്തിൽ, അറിയാതേയും അറിഞ്ഞും, അത്യുച്ചസ്ഥാനമായ § വസ്തുതന്ത്രത്തിൽ അടിയുറച്ചിരിയ്ക്കുന്ന മലയാളികൾക്കു കീഴ്പ്പെട്ടുനോക്കാൻ അൎഹതയേ ഇല്ല. ആകയാൽ എല്ലാസ്സമയത്തും ജ്ഞാനൈശ്വൎയ്യാദിയായ എല്ലാവിധ ശക്തിയുടേയും സ്തുടാവിർഭാവത്തോടു (വ്യക്തിയോടു) കൂടിയ കാരണപരമേശ്വരനെയൊ ആ വിധ ശക്തികളെ ഏതുനേരവും പ്രകടിപ്പിയ്ക്കാൻ ശക്തനായ

§ നേത്രത്തിനു രൂപത്തോടും ശ്രോത്രാദികൾക്കു ശബ്ദാദികളോടും സംബന്ധമുണ്ടാകുമ്പോൾ പുരുഷേച്ഛയ്ക്കധീനമാകാതെ അതതിൻ ജ്ഞാനമുണ്ടായിത്തീരുന്നതുകൊണ്ടു ജ്ഞാനം വസ്തുതന്ത്രമാകുന്നു. ഇവിടെ ജ്ഞാനം ബ്രഹ്മാനുഭവമാണ്. കൎമ്മോപാസനാദികൾ ശരിയായി ചെയ്യാനും മററുവിധമാക്കിത്തീൎക്കാനും ചെയ്യാതിരിയ്ക്കാനും പുരുഷൻെറ ഇഷ്ടംപോലെ സാധിക്കുന്നതാകയാൽ പുരുഷതന്ത്രം എന്നു ഭേദം. ഇതുകൊണ്ടു മററു മതങ്ങളെ അപേക്ഷിച്ചു സ്വരൂപജ്ഞാനപ്രതിപാദകമായ നമ്മുടെ വേദാന്തനയത്തിൻെറ ശ്രേഷ്ഠത പ്രത്യേകം തെളിയുന്നു.

CHATTAMPI SWAMI ARCHIVE

സഗുണേശ്വരനെയോ ഉപാസിയ്ക്കുന്നതു ശ്രേഷ്ഠതമമാർഗ്ഗവും വല്ലവരുടേയും ആരോപിത(കല്പിത)ദൈവത്താനെ ആരാധിയ്ക്കുന്നത് അധമമാർഗ്ഗവും ആകുന്നു എന്നു കിട്ടും. അന്യന്മാരിങ്ങനെ പറഞ്ഞാലോ എന്ന ചോദ്യം വസ്തുസ്ഥിതിയെ സ്പർശിക്കയില്ല. അതുകൊണ്ടു നമ്മുടെ സനാതനധർമ്മസ്ഥിതനായ പരമേശ്വരനെത്തന്നെ സ്മരിയ്ക്കേണ്ടതും ആരാധിയ്ക്കേണ്ടതുമാകുന്നു].

## ആത്മൈക്യഭാവന—

"പ്രണവാഖ്യമായ വിൽ വലിച്ച്ʼ(മ-
ക്കണെ)ʼപററിച്ചു പരാത്മലാക്കുനോക്കി
ത്തണമാത്രയകന്നിടാതെയെയ്ക-
ക്ഷണമാത്മൈക്യമനുസ്മരിച്ചിടുന്നോൻ".

[പ്രണവം ("ഓം"കാരം) ആകുന്ന ധനുസ്സു വഴിയായി അസ്ത്രമാകുന്ന മനസ്സിനെ അല്ലെങ്കിൽ ബുദ്ധിയെ, പരമാത്മാവാകുന്ന ലക്ഷ്യത്തിൽ ചേർത്ത് അതായതു പ്രണവോച്ചാരണപൂർവ്വം മനസ്സിനെ പരമാത്മാവിൽ ലയിപ്പിച്ചു നിർവ്വിചാരമായിരിയ്ക്കണം എന്നു താല്പര്യം. "മനനി"യെന്ന ശക്തിയെ കൈക്കൊൾകയാൽ മനസ്സായിപ്പരിണമിച്ച (സിദ്ധാന്തപ്രകാരമായാൽ വിവർത്തിച്ച) ആത്മാവു കാരണത്തിൽ ലയിച്ചു ബ്രഹ്മമാത്രമായിത്തീരുന്നു എന്നറിക].

(ഇത്രയും പണ്ഡിതാത്യാശ്രമി
ശ്രീനീലകണ്ഠതീർത്ഥപാദസ്വാമികൃതി)

---

## മഹാദേവസ്മരണ—

"ഹരിശ്രീഗണേശാത്മകം നിൻസ്വരൂപം
സ്മരിയ്ക്കേണമെന്നാന്തരംഗത്തിലെന്നാൽ
സ്മരിയ്ക്കുന്നപോൽ സ്തോത്രരത്നാപണത്തിൽ
ചരിച്ചീടുവാനാഗ്രഹിക്കുന്നു ശംഭോ! ഞാൻ".

CHATTAMPI SWAMI ARCHIVE

## ശ്രീപരമേശ്വരസ്മരണ—

"ഒരു പുൽക്കൊടിയിൽ സ്വശക്തി പാർത്തേ-
തൊരു ദേവനൊഴമാന്തരാർത്ഥമെന്യേ
വിരുതുള്ള നലാഭിതോററിതന്ന-
ത്തിരുനീർ ചാർത്തിടുമീശ്വരൻ സഹായം".

[ഒരിയ്ക്കൽ മഹാദേവപ്രസാദത്താൽ ദേവന്മാക്കുണ്ടായ വിജയലക്ഷ്മിയാൽ മതിമറന്ന് അവർ തനിയ്ക്കുതാൻ പോററികളായിത്തീൎന്ന സമയം അവരുടെ അന്ധത ഉൻമൂലനം ചെയ്യാനായി, പരമശിവൻ ഒരു യക്ഷൻെറ രൂപത്തിൽ അവക്ക പ്രത്യക്ഷപ്പെട്ടു. അത്തു് ആരെന്നറിയേണമെന്നുറച്ചു ദേവന്മാർ അഗ്നിയെപ്പറഞ്ഞയയ്ക്കുയും, അഗ്നിയോടു് "നീ ആരു്" എന്നു ഭഗവാൻ ചോദിച്ചതിൽ ഇക്കാണുന്ന എല്ലാം ദഹിക്കാൻ ശക്തനായ അഗ്നിയാണ് താനെന്നു് ഉത്തരം പറകയും ചെയ്തശേഷം, ശിവൻ ഒരു പുല്ക്കൊടിയെടുത്തിട്ടു് ഇതു ഭസ്മീകരിയ്ക്കൂ എന്നാജ്ഞാപിച്ചു. തനിക്കുള്ള ശക്തി മുഴുവൻ പ്രയോഗിച്ചിട്ടും അന്തൎയ്യാമിയായ ആ ഈശ്വരൻെറ അഭിപ്രായം ദഹനകാൎയ്യത്തിൽ ഉണ്ടാകായ്കയാൽ, ആപ്പുല്ക്കൊടി ഭസ്മമാക്കാൻ അഗ്നിക്കു കഴിവുണ്ടായില്ല. പിന്നീടു വായുവിനെപ്പറഞ്ഞയച്ചതിൽ മുമ്പോൽ പരമശിവൻ പ്രക്ഷേപിച്ച പുല്ക്കൊടിയിൽ തൻെറ ബലം പ്രയോഗിച്ചു് അതിളക്കുവാൻ പോലും സമൎത്ഥനാകാതെ മാരുതദേവനും മടങ്ങിപ്പോയി" എന്നു തുടങ്ങി കേനോപനിഷത്തിലും ബ്രഹ്മഗീത നാലാമദ്ധ്യായത്തിലും പറഞ്ഞിരിയ്ക്കുന്ന വൃത്താന്തം ഈ ശ്ലോകത്തിൽ സംഗ്രഹിച്ചിരിക്കുന്നു. അഗ്നിയെന്നും വായുവെന്നും മററും പറഞ്ഞ ഇ തത്തദ്ഭൂതാധിഷ്ഠാതൃദേവതാപരമായി ഗ്രഹിയ്ക്കേണ്ടതാണ്.]

## ശ്രീസുബ്രഹ്മണ്യഭാവന—

"ജാഗരം തൊട്ടുനിദ്രാന്തമാം വേളയിൽ
ഭോഗഭോഗ്യപ്രപഞ്ചസ്സ്വഭാവത്തൊടും
പ്രാഗഭാവം വിളക്കീടുവാൻ സാക്ഷിതൻ
ഭാഗമോടും ഗുഹാത്മാ ജയിയ്ക്കുന്നൊരാറു."

CHATTAMPI SWAMI ARCHIVE

[ജാഗ്രം സ്വപ്നം സുഷുപ്തി എന്ന മൂന്നവസ്ഥകളിലും ഭോഗരൂപമായും, ഭോഗ്യപ്രപഞ്ചരൂപമായും സ്വപ്നത്തിൽ കണ്ടപ്രകാരമെന്നപോലെ വിവൎത്തിച്ച (തോന്നി) നില്ക്കുവേ പ്രപഞ്ചരൂപകാൎയ്യത്തിൻെറ ഉല്പത്തിയ്ക്കു മുമ്പുള്ള(തും ഉല്പത്തിയ്ക്കു ശേഷം നശിയ്ക്കുന്നതും ആയ) അഭാവാവസ്ഥയ്ക്കു സാക്ഷിയായും, സുബ്രഹ്മണ്യനെന്ന പരമാത്മവസ്തു സൎവ്വോല്കൃഷ്ടേണ വൎത്തിയ്ക്കുന്നു എന്നു താല്പൎയ്യം. ഒരു കുളത്തിൽനിന്നും ജലം, തോട്ടുവഴി പാഞ്ഞു കണ്ടത്തിൽച്ചെന്ന് ആ (കണ്ടത്തിൻെറ) ആകാരത്തിലാകുന്നതുപോലെ ഘടം മുതലായ ബാഹ്യപദാൎത്ഥങ്ങളോടു സംബന്ധപ്പെടുന്ന നേത്രാദിവഴിയായി ചിത്തവൃത്തി പ്രവേശിച്ച വിഷയാകാരമാകുമ്പോൾ വൃത്തിപരംപരയ്ക്കു ഗോചരമായ സാക്ഷിചൈതന്യം, ബാഹ്യവസ്തുക്കളിൽ അറിഞ്ഞവയറിഞ്ഞതായിട്ടും, അറിയാത്തവ (അജ്ഞാതം) അറിയാത്തതായിട്ടും വരുത്തിവെയ്ക്കുന്നു എന്ന പത്മപാദാചാൎയ്യാഭിപ്രായം ഇവിടെ സംഗ്രഹിച്ചിരിയ്ക്കുന്നു.]

(ഇത്രയും പണ്ഡിതാത്ര്യാശ്രമിസ്വാമിപാദാന്തേവാസി ശിവപ്രസാദവിദ്യാഭാരതികൃതി)

---

ശ്രീദക്ഷിണാമൂൎത്തിഭാവന—

"ഓരാതെ ഹൃത്തുമതുപോൽപ്പറയാതെ വാക്കും
ദൂരാലകന്നവിടമാം പദമെന്നു കാട്ടാൻ
പേരാൽച്ചുവട്ടിലെഴുനള്ളി മഹൎഷിമാൎക്ക്
നേരായ മൌനമരുൾചെയ്ക പുരാൻ തുണയ്ക്കു."

[മനസ്സിനും വാക്കിനും എത്താത്തതാണ് പരമാത്മപദമെന്ന് അനുഭവപ്പെടുത്താൻ ദക്ഷിണാമൂൎത്തി, മൌനമുദ്രയാണല്ലോ സനകാദികൾക്കുപദേശിച്ചത്. ഇതിൽ ദക്ഷിണാമൂൎത്തി എന്ന പദം പ്രയോഗിച്ചിട്ടില്ലെങ്കിലും 'പ്രൌഢവിശേഷണയോഗത്താൽ വിശേഷ്യ



CHATTAMPI SWAMI ARCHIVE

പ്രതിപത്തി (സദ്ധി)' ഉണ്ടാകുമെന്ന സാഹിത്യസമ്പ്രദായത്താൽ അ ത്തു കിട്ടുന്നതാകുന്നു.]

ഉമാമഹേശ്വരഭാവന—

"അമ്പത്തുമൂന്നക്ഷരപാളിയൎത്ഥ-
സംപത്തൊടൊന്നിച്ചൊരു കല്പവൃക്ഷം
തുമ്പങ്ങളെല്ലാമകലും വിധത്തി-
ലെൻ പക്ഷമായിത്തണൽ നിൎത്തിടട്ടെ!"

'ഉഷഃകാലശക്തി'സ്മരണ—

"കൊല്ലാനിരിയ്ക്കുന്നൊരു വേടനാരി
ചൊല്ലാൻന്നഹംസച്ചിറകെന്നപോലെ
എല്ലാൎക്കുമായുസ്സു കുറച്ചു നിത്യ-
മുല്ലാസലയാം ദേവി! തൊഴാമുഷേ! ഞാൻ."

['ഉഷ'യെന്നു് ഉഷസ്സിന്റെ സ്ത്രീലിംഗനാമം.
(വേദമന്ത്രത്തിൽനിന്നു ഭാഷാന്തരം)]

കൎമ്മസാക്ഷിസ്മരണ—

"വേദത്രയം,പരിധി—മൂൎത്തി—മരീചിയെന്നീ-
ഭേദത്തൊടും നിജകളേബരമായ്ദ്ധരിച്ചു്
രോദഃകടാഹമുളവാക്കിയഴിച്ചുകാട്ടു-
മാദൎശമാം കിരണമാലിയെ ഞാൻ തൊഴുന്നേൻ."

[പരിധി=മണ്ഡലം. മൂൎത്തി=ശരീരം, (ആകാരം). മരീചി=ര ശ്മി. രോദഃകടാഹം=അനവധി ലോകങ്ങളടങ്ങിയ ബ്രഹ്മാണ്ഡ പാത്രം. ആദൎശം=കണ്ണാടി. കിരണമാലി=സൂൎയ്യൻ. പ്രപഞ്ചം പ്ര

CHATTAMPI SWAMI ARCHIVE

തിബിംബിയ്ക്കാൻ തക്ക, പരബ്രഹ്മത്രപ്കണ്ണാടിയായി സൂഷ്മനെ വ ണ്ണിച്ചിരിക്കുന്നു എന്നറിക.]

(ഇത്രയും ശ്രീനീലകണ്ഠതീർത്ഥപാദസ്വാമികൃതി)

---

## ശ്രീ കൃ ഷ്ണാ ഷ്ട കം —

(കവിദീപസച്ചിദാനന്ദബ്രഹ്മേന്ദ്രൻ)

"ലളിതമധുരവേണുനാദമോടും
ദളിതകളായകളേബരാഭയോടും
അളിശിശു നളിനത്തിലെന്നവണ്ണം
കളിയൊടുമെൻ ഹൃദി വാഴ്ക നീ മുരാരേ!. ൧

അഴകൊഴുകുമനിത്യസൌഖ്യമോഹ-
പ്പുഴയിലടിഞ്ഞു കുഴഞ്ഞുഴന്നൊരീഞാൻ
മഴമുകിലൊളിവർണ്ണ! നിന്റെ ചെന്താർ-
കഴലിണയെശ്ശരണം ഗമിച്ചിടുന്നോൻ. ൨

വിഷയവലകളിൽക്കുരുങ്ങിയീഞാൻ
വിഷസമയാതന പാരമേറ്റുതോറേൻ
വിഷമത മമ മേലിൽ വന്നിടായ്വാൻ
വിഷധരതല്പ! ഭവല്പദം തൊഴുന്നേൻ. ൩

പിഴകൾ പലതുമിങ്ങു ചെയ്തുപോയേൻ
പഴകിയ കർമ്മഫലാത്തി പാർത്തറിഞ്ഞേൻ
അഴലിനിയുമെനിയ്ക്കുനൽകിയെന്നാൽ-
ക്കുഴയുമിവൻ കമലാക്ഷ കാ,ങ്കതെല്ലാം. ൪

CHATTAMPI SWAMI ARCHIVE

ജനനമരണദുഃഖമോർത്തിടുമ്പോൾ
മനതളിരിന്നു ഭയം സഹിയ്ക്കവയ്യേ!
വിനകൾ മമ പൊറുത്തു പോററിപോററീ-
ടനഘഘനാഭ! മുകുന്ദ! പത്മനാഭ!. ൭

പെരുകിയിളകിടും ത്വദീയമായാ-
വിരുതുകൾകൊണ്ടുവിളങ്ങുമിപ്രപഞ്ചം
അരുണസരസിജാക്ഷ! മിത്ഥ്യയാണെ-
ന്നരുതരബോധമെനിയ്ക്കു നല്കിയാലും. ൮

തിരുവടിമലരിങ്കലെന്മനം ചെ-
റവുരുകിയണഞ്ഞുറയുന്നസംപ്രദായം
ഒരുപൊഴുതുമടങ്ങിടാതവണ്ണം
കരുണയൊടെന്നെ യനുഗ്രഹിയ്ക്ക, ശൌരേ!. ൯

തടവുകരുതിടാതെ ജിഷ്ണുവിൻതേ-
ത്തടവിളവി സാരഥിവീരവേഷമായി
പടയിലടവെടുത്ത ഭക്തബന്ധോ!
തടയണമെന്നുടെ ജന്മമൃത്യുദുഃഖം." ൧൦

സമാപ്തം.

---

## ശ്രീ ഹ യ ഗ്രീ വ പ ഞ്ച കം.

(പരമാനന്ദനാഥകൃതി)

"ശരത്സുധാംശുദ്യുതിമുഗ്ദ്ധനായ് ത്ത്വ-
ക്കരത്തിനാൽജ്ജീവപരൈകഭാവം

CHATTAMPI SWAMI ARCHIVE

പരസ്യമായിട്ടറിയിയ്ക്കുമശ്വ-
ശിരസ്സെഴും ദേവനെ ഞാൻ തൊഴുന്നേൻ." ൧

[ജ്ഞാനമുദ്രകൊണ്ടു ജീവാത്മപരമാത്മാക്കളുടെ ഐകത്വം പ്രത്യക്ഷമാക്കി അരുളുന്നവനായ ശ്രീഹയഗ്രീവനെ ഞാൻ വന്ദിയ്ക്കുന്നു എന്നു സാരം.]

"മനസ്സിനെത്താനഖിലത്തിലുംചിൽ-
ഘനസ്സ്വരൂപത്തൊടിരുന്നിടും നീ
നിനയ്ക്കിലീവേഷമെടുത്തു ഭക്താ-
വനത്തിനെന്നായ് ശ്രുതി ചൊല്ലിടുന്നു. ൨

മഹത്വമുള്ളാരുടെമന്ത്രമോതീ-
ട്ടഹസ്കരൻ തൊട്ടു നിലിമ്പവൃന്ദം
സഹസ്രധാ വേലകൾ ചെയ്തിടുന്നാ-
മഹസ്സിവൻപാപമറുത്തീടേണം." ൩

[ദേവന്മാർ ഹയഗ്രീവമന്ത്രോപാസന ചെയ്യുന്ന സംഗതി ഹയഗ്രീവോപനിഷത്തിൽ പറഞ്ഞിരിയ്ക്കുന്നതു് ഇതിൽ അനുസന്ധാനം ചെയ്തിരിയ്ക്കുന്നു.]

"മമത്വമെല്ലാററിലുമാന്നു മേന്മേൽ
തമസ്സിലാപ്പെട്ടുഴലുന്നൊരീഞാൻ
സമസ്തലോകേശ! ഭവൽപ്രസാദോ-
ദ് ഗമത്തെ ദീക്ഷിച്ചു വസിച്ചിടുന്നേൻ." ൪

[മമത്വം=എന്റേതെന്ന മിത്ഥ്യാഭിമാനം. പ്രസാദോദ്ഗമം=പ്രസാദസിദ്ധി.]

CHATTAMPI SWAMI ARCHIVE

"അഹംമതിയ്ക്കൊട്ടുമിടം കൊടുക്കാ-
തഹംമതിയ്ക്കുററമുറപ്പുനൽകാൻ
അഹം മതിയ്ക്കുള്ളിൽ നിശം ഭവാനെ
മഹംകലർന്നോർത്തു ഭജിപ്പിതെന്നും." ൭

[അഹംമതിയ്ക്ക്=അഹംകാരത്തിന്. അഹമ്മതിയ്ക്ക്=അഹമെന്നുള്ള മതിപ്പിന് അതായത് ആത്മാവിൽ അതു താനെന്നുള്ള പ്രത്യയദാർഢ്യത്തിന് (ഉറപ്പിന്). അഹം=ഞാൻ. മതിയ്ക്കുള്ളിൽ=മനസ്സിൽ. മഹം=സംതോഷം.]

സമാപ്തം.

---

## ഭഗവൽസ്തോത്രാഷ്ടകം.

(ശ്രീനീലകണ്ഠതീർത്ഥപാദസ്വാമികൃതി)

"ഇന്ദ്രനീലശകലങ്ങൾ പരത്തി-
സ്സാന്ദ്രമാം തറയടിച്ചു നിരത്തി
കേന്ദ്രഭാഗമതിലസ്സുരവൃക്ഷം
തന്ദ്രപോംപടി നിനച്ചതിനഗ്രേ." ൧

[കേന്ദ്രഭാഗം=മദ്ധ്യപ്രദേശം; തറയുടേതെന്ന് അർത്ഥസിദ്ധമാകുന്നു. നിർഗ്ഗുണത്തേയോ സഗുണത്തേയോ ധ്യാനിയ്ക്കുന്നവർക്ക്, തന്ദ്ര (ആലസ്യം) തീരെപ്പാടില്ലാത്തതിനാലാണ് "തന്ദ്രപോംപടി"യെന്നു നിർദ്ദേശിച്ചതു്. അതിനഗ്രേ, എന്നാൽ ആ കല്പതരുവിൻെറ മുൻവശത്തായിട്ട് എന്നു യോഗ്യതയനുസരിച്ചു ധരിയ്ക്കേണ്ടതാണ്.]

"വേദമാകെയിതുമല്ലിതുമല്ലെ-
ന്നാദരത്തൊടൊഴിവാക്കിയുരയ്ക്കു

CHATTAMPI SWAMI ARCHIVE

നാദബിന്ദുവടിവാനൊരുമട്ടിൽ
ഖേദമററുവിളയാട്ടമൊരീട്ടായ്. ൨

[(അറിയാൻ വയ്യായ്കനിമിത്തം) ഖേദം, "നേതി,നേതി" എന്നു ബഹുമാനപുരസ്സരം ഒഴിവാക്കിപ്പറകവേ നാദബിന്ദുരൂപനും ഒരുമട്ടിൽ ലീലാപരനും ആയ (ഈട്ട്) ഈശനായി—— "നിന്നു കാത്തരുളിടും" എന്നതിനോടു സംബന്ധിച്ചു പൂർണ്ണമാകേണ്ടതാണിതു്. നാദം, ബിന്ദു മുതലായതു്, ഒരു പക്ഷത്തിൽ പ്രണവത്തിന്റെ അവയവമാകുന്നു. നാദത്തിന്, "അർദ്ധേന്ദു" "അർദ്ധമാത്ര" "സദാശിവൻ" എന്നും മററും പര്യായങ്ങൾ ബീജകോശത്തിൽപ്പറയപ്പെട്ടിരിയ്ക്കുന്നു. ഇതു് അനുസ്വാരംപോലെ ഉച്ചരിയ്ക്കേണ്ടതും പരമേഷ്ഠിയുടെ ഹൃദയാകാശത്തിങ്കൽനിന്നുണ്ടായിട്ടുള്ളതുമാകുന്നു. നാദം അനാകലിതാവ്യക്തശബ്ദമെന്നും ബിന്ദുപ്രണവമെന്നും താന്ത്രികസിദ്ധാന്തമുണ്ടു്. ആകപ്പാടെ അക്ഷര(ശബ്ദ)ബ്രഹ്മം എന്നു് ഇവിടെ അർത്ഥമാക്കാം. ഈട്ട് ഈശപര്യായമാകുന്നു.]

"വൃത്തിയൊന്നിനെ വെടിഞ്ഞതിൽനി-
ന്നന്യത്തിലായ്ക്കുവതിന്നിടതന്നിൽ
വൃത്തിയാ,"ന്നിടയ"നെന്നൊരുപേർ
വന്നൊത്തിയോരുവിളയാട്ടവപുസ്സായ്. ൩

[ആദ്യത്തെ വൃത്തിയ്ക്കു ചിത്തവൃത്തിയെന്നും രണ്ടാമത്തേതിനു വർത്തനം (ഇരിപ്പ്) എന്നും അർത്ഥമാണ്. ചിത്തവൃത്തി ഒരു വസ്തുവിട്ടു മറെറാന്നിൽപ്പററുന്നതിനിടയ്ക്കുള്ള നിരുപാധ്യമോ നിരാലംബമോ ആയ അവസ്ഥ ബ്രഹ്മസ്വരൂപമാകുന്നു എന്നാണ് സിദ്ധാന്തം. വിളയാട്ടവപുസ്സ്=ലീലാവിഗ്രഹൻ.]

"കല്പജാതിമനുജാകൃതിയാകും
നല്പരായമരുളും വിഷയത്തിൽ

തെല്ലുദാരമതിയാം ഗുരുരാട്ടിൻ
ചൊല്ലുപെററ പദതാരുടയോനായ്." ൪

"ഉഗ്രവിശേഷതരുണീമണിമാർതൻ
വിഗ്രഹിലാസശഫരങ്ങൾകളിക്കും
തദ്ഗ്രഹിവർത്തനകളിന്ദജവാരി-
സ്രഗ്രഹിതാനമലരിക്കുടയോനായ്." ൫

[ശഫരങ്ങൾ=മത്സ്യങ്ങൾ. മലരി=ഗംഭീരമായ വെള്ളച്ചുഴിപ്പ്. ശ്രീകൃഷ്ണഭഗവാൻെറ 16008 ഭാര്യമാർ അത്രയും ഋക്കുകളാണെന്നു കൃഷ്ണോപനിഷത്തിൽ പറയപ്പെട്ടിരിക്കുന്നു. അപ്പോൾ ഋക്സമൂഹ പ്രതിപാദ്യനെന്നു വിശേഷാർത്ഥം ഗ്രഹിക്കത്തക്കതാകുന്നു.]

"ഘോരസംസൃതിനടുക്കടൽപററി-
ത്തീരമേതുമറിയാതെയുഴന്നാൽ
ദൂരദർശിനികണക്കു വിവേകം
ധീരനേകുവൊരു കൈയുടയോനായ്. ൬

['കശ്ചിദ്ധീരഃപ്രത്യഗാത്മാനമൈക്ഷദാവൃത്തചക്ഷുഃ' എന്ന ശ്രുതികൊണ്ടു ധീരനായിരിക്കുന്നവനാണ് വിവേകം യോജിക്കുന്നതെന്നു കാണാം ]

"ലോകതത്വമഖിലം പ്രതിബിംബി-
ച്ചേകരൂപമൊടുമിങ്ങറിയുംപോൽ
പാകമൊത്തമരുമന്നവരത്ത-
സ്തോകദർപ്പണമുഖംതഴവോനായ്." ൭

"എന്നുമേ കുറവുകൂടുതൽകൂടാ-
തൊന്നുപോലെസകലത്തിലുമൊപ്പം

CHATTAMPI SWAMI ARCHIVE

നിന്നുകാത്തരുളിടും ഭഗവാൻ ഞാ-
നെന്നഭേദഗതിവിട്ടുണരുന്നോൻ." ൮

[ഘടജലത്തിൽ പ്രതിഫലിച്ച ചന്ദ്രന് ഉപാധിയായ ഘടജലത്താലുണ്ടാകുന്നതുപോലെ ഉപാധിസംബന്ധത്താലുണ്ടാകാവുന്ന വൃദ്ധിക്ഷയങ്ങൾ ഒന്നുംകൂടാതെ എല്ലാററിലും നിറഞ്ഞ് അന്തര്യാമിരൂപനായിനിന്നു കാത്തരുളുന്ന ശ്രീഭഗവാൻതന്നെ ഞാൻ എന്ന് അഹംഗ്രഹമായി ഭാവിയ്ക്കുന്നു എന്നു സാരം.]

"അത്യാശ്രമിസ്സ്വാമിതീർത്ഥദൈത്യാരിസ്തോത്രമാമിതു
നിത്യാദരത്തോടോതീടിൽ വൃത്യാനന്ദമുദിച്ചിടും."

---

## ശ്രീശിവാഞ്ജലിദശകം.

(കവിദീപസച്ചിദാനന്ദബ്രഹ്മേന്ദ്രകൃതി.)

"മുന്നം ജഡാജഡവപുസ്സുകളിൽപ്പകന്നു
വന്നത്ര ധന്യതമമാം നരജന്മമാർന്നേൻ
എന്നാലതോ സഫലമാക്കുരുവാൻ ഭവാനെ-
യെന്നും സുധാകരകലാധര! ഞാൻ തൊഴുന്നേൻ. ൧

തങ്കർമ്മബന്ധനിരയാലതിദുരദൃഷ്ട-
പങ്കത്തിൽ വീണു ബഹുസങ്കടമോടു വാഴും
എങ്കൽപ്പെട്ടും കലുഷപങ്കമകന്നിടാനായ്-
ത്തിങ്കൾക്കലാഭരണ! നിൻകഴൽ ഞാൻ തൊഴുന്നേൻ. ൨

വല്ലാത്ത ഘോരനരകങ്ങളിൽ വീണുപോകാ-
തെല്ലാപ്പൊഴും തവ പദാംബുജഭക്തി പാരം

ഉല്ലാസപൂർവ്വമടിയന്നു വരേണമല്ല-
ലില്ലാതെയാകണമുമാവര!ഞാൻ തൊഴുന്നേൻ. ൩.

നിന്നാമകീർത്തനരസാമൃതധാരകൊണ്ടു
നന്നായ്മനസ്സിനു വിശുദ്ധി ഭവിച്ചു, മേലും
ഒന്നായ് സമസ്തമറിവാനൊരനുഗ്രഹം മേ
തന്നാലുമംബുജശരാന്തക! ഞാൻ തൊഴുന്നേൻ. ൪

മോടിയ്ക്കു മോഹമയമാകിയ കാട്ടിലേററ-
മോടിക്കുഴഞ്ഞൊരനയുമെന്മതിമക്കടത്തെ
പേടിപ്പെടുത്തിയമൃതപ്രസവാവചൂഡ!
ചാടിച്ചിടൊല്ലപുന,രിന്നിത ഞാൻ തൊഴുന്നേൻ. ൫

രോഗാതിപീഡയുടലിങ്കലുമിങ്ങെനിയ്ക്കു
രാഗാദിദോഷമകതാരിലുമെത്തിടാതെ
നാഗാളിഭൂഷണ! ഭവച്ചരണൈകഭക്തി-
യോഗാന്തരക്തിസുഖമേകിടുവാൻ തൊഴുന്നേൻ. ൬

കാലോ ‡പവാഹ്യമണിയും മണിതൻ പ്രണാദ-
മീലോകമട്ടിലിവനങ്ങനെ കേട്ടിടുമ്പോഴ
സാലോകമാർഗ്ഗമരുൾചെയ്യുമരും മഹേശ!
കാലോശയെൻ ചെവികളിൽ പതിവാൻ തൊഴു
[ന്നേൻ. ൭

താരമ്പനെപ്പുരമെരിച്ചൊരു കണ്ണു, തുമ്പ-
ത്താ,രമ്പിളിക്കല,നിലിമ്പസരിത്തു,പാമ്പ്

‡ [ഉപവാഹ്യം=വാഹനം. സാലോകമാർഗ്ഗം=ആത്മദർശനസമ്പ്രദായം; താരകോപദേശം]

ചാരം കപാലമിവയൊക്കെയണിഞ്ഞ നിൻെറ
ചാരുസ്സ്വരൂപമഗജാവര! ഞാൻ തൊഴുന്നേൻ. ൨

പുള്ളിക്കുരംഗമിഴിപാർവ്വതി, പാതി ദേഹം
വെള്ളിപ്രഭാപടലഭാസുരമന്യഭാഗം
കൊള്ളിച്ചിവണ്ണമരുളുന്ന ഭവാൻ കനിഞ്ഞെ-
ന്നുള്ളിൽ കളിയ്ക്കുക മഹേശ്വര! ഞാൻതൊഴുന്നേൻ.

ആ നിർമ്മലപ്രഭയെഴുന്ന ഭവൽസ്വരൂപം
ധ്യാനിച്ചഖണ്ഡസുഖരാശിയിൽ ഞാൻ ലയിപ്പാൻ
ശ്രീനീലകണ്ഠ! സതതം കനിവെങ്കലേകീ-
ടാനന്ദരൂപ പരമേശ്വര! ഞാൻ തൊഴുന്നേൻ". ൫

സമാപ്തം.

---

## ശ്രീ സുബ്രഹ്മണ്യ പഞ്ചകം.

(പരമാനന്ദനാഥകൃതി)

"ഛന്ദസ്സുതൊട്ടവ മുറയ്ക്കുമൊഴിഞ്ഞിടും തു-
മന്ദസ്മിതപ്രചുരഷഡ്വദനങ്ങൾ ചേർന്നോൻ
കസ്കന്ദൻ മദീയമതിമാന്ദ്യമൊഴിച്ചു നിത്യാ-
നന്ദത്തെ നല്കുവതിനായ്ക്കുഴൽ കൂപ്പിടുന്നേൻ." ൧

[ഛന്ദസ്സുതൊട്ടവ=ഛന്ദശ്ശാസ്ത്രം തുടങ്ങി പാദാദിയായിരിയ്ക്കുന്ന വേദത്തിൻെറ അംഗങ്ങൾ. ഛന്ദസ്സ്, പാദങ്ങൾ; കല്പം, കൈകൾ; ജ്യോതിഷം, നേത്രങ്ങൾ; നിരുക്തം, ശ്രോത്രങ്ങൾ; ശിക്ഷാ, ഘ്രാണം; വ്യാകരണം, മുഖം; ഇങ്ങനെ ക്രമം.]

CHATTAMPI SWAMI ARCHIVE

"തങ്കത്തിലും തരളലോചനമാരെയോർത്താ-
തങ്കത്തിലും പലതിലേവമലഞ്ഞ മൂലം
പങ്കത്തിലാണ്ട മമ ബുദ്ധി ഭവല്പദാബ്ജ-
'സങ്കല്പകല്പലതയിൽ' പതിയേണമേ മേൽ." ൨

[സംകല്പകല്പലതയെന്നതുകൊണ്ടു ശ്രീനീലകണ്ഠതീർത്ഥസ്വാമി പാദങ്ങളുടെ സംസ്കൃതകൃതിയായ 'സംകല്പകല്പലത'യെക്കൂടി ഉദ്ദേശിച്ചിരിക്കുന്നു].

"ബദ്ധാദരം ത്വദനുരക്തി മരന്ദബിന്ദു-
വി,ദ്ധാത്രിതന്നിലൊരുവൻ പരമാസ്വദിക്കിൽ
'സിദ്ധാനുഭൂതി'യതിതുച്ഛമവന്നു പാരം
ശ്രദ്ധാലുവെങ്കിലതുകൊണ്ടു വിമുക്തനാകാം". ൩

[ത്വദനുരക്തിമരന്ദം=നിങ്കലുള്ള പരപ്രേമഭക്തിയാകുന്ന മകരന്ദം. സിദ്ധാനുഭൂതി=സിദ്ധന്മാരുടെ അനുഭൂതിയെന്നും സിദ്ധാനുഭൂതിയെന്നു പേരുള്ള യോഗാഭ്യാസപ്രതിപാദകഗ്രന്ഥമെന്നും അർത്ഥം]

"ഇന്നിക്കഠോരകലികാലവിപത്സമൂഹം
തന്നിൽപ്പതിച്ചു പല മട്ടു പരുങ്ങിടാതെ
ഉന്നിദ്രകാന്തി കലരും തവ രൂപമുള്ളി-
ലുന്നിട്ടിനം കഴിയുവാൻ വരമേകണം മേ". ൪

"ഒന്നാകെയിബ്ഭുവനമാശു മുടിക്കുമച്ഛൻ-
തന്നാത്മജൻ സകലപാലകനെന്നു ചിത്രം
നിന്നാറെഴുത്തനിശമെൻ രസനാഗ്രമൊത്തു
നിന്നാൽ കുമാര! മമ ജന്മഫലം ലഭിച്ചു". ൫

[സംഹാരമൂൎത്തിയുടെ പുത്രൻ പാലകനായിരിക്കുന്നു എന്നതു കാൎയ്യകാരണങ്ങൾക്കു ഘടിക്കാത്തതുകൊണ്ട് അത്ഭുതമായിത്തോന്നുന്നു എന്നു താല്പൎയ്യം.]

## ശംഭുചരണാഷ്ടകം.

(കവിദീപസച്ചിദാനന്ദബ്രഹ്മേന്ദ്രകൃതി.)

"പരാൎദ്ധ്യബ്രഹ്മേന്ദ്രപ്രഭൃതി ദിവിജന്മാരഖിലരും
പരാധീനന്മാരാണയിതവ മഹാമായയിലഹോ
ഒരാധാരം പിന്നാരടിയനിഹ, കാരുണ്യജലധേ!
പുരാരേ!ശംഭോ! നിൻ ചരണയുഗളംതന്നെ ശരണം.

ധനം ധാന്യം ഗേഹം തനയതരുണീഭൃത്യരിവതൊ-
ട്ടനന്തവ്യാമോഹപ്രദവിഷയവാരാശിനടുവിൽ
മനം മുങ്ങിപ്പോകുന്നടിയനിനിയെന്താണു സുഖസാ-
ധനം ഹാ ശംഭോ!നിൻ ചരണയുഗളംതന്നെ ശരണം.

കൊടുംക്രൂരന്മാരാം യമഭടർ കടന്നല്ലൂടഭയം
പെടുംവണ്ണം ബന്ധം പലതുമിഹ ചെയ്തീടുവതിനായ്
കടുംക്രോധം കൈക്കൊണ്ടണയുവതു പാൎത്തേറെ വിവശ-
പ്പെടുംപോൾ ശംഭോ! നിൻ ചരണയുഗളംതന്നെ ശരണം. ൩.

മുടക്കം തെല്ലെന്യേ ദിനമനു ജരാവ്യാധിയുടലിൽ
കടന്നൽക്കുലശ്രീഭരകലകളോട്ടുന്നു നിയതം

പിടയ്ക്കുന്നെൻജീവൻമരണകഥയോത്തിങ്ങനെ മന-
സ്സടക്കം ശംഭോ! നിൻ ചരണയുഗളം തന്നെ ശരണം.

കുലം രൂപം വിത്തം വിഭവമിവതൊട്ടുള്ള തഖിലം
ഫലംചെയ്യീടാ,മെ പരമസുഖസംപ്രാപ്തിവിധിയിൽ
അലഞ്ഞേൻ, സംസാരക്കടലഗതിയായീട്ടമടിയ-
ന്നാലംബ്യാ,ശംഭോ!നിൻ ചരണയുഗളംതന്നെശരണം.

ജടാഭാരം ചൂഴം സുരതടിനിചന്ദ്രക്കലകളും
നിടാലത്തീക്കണ്ണും ഭസിതസിതമായീട്ടമുടലും
വിടാതെന്നും ധ്യാനിച്ചമരുമടിയന്നല്ലലിനിമേൽ-
പ്പെടായ്യാൻ ശംഭോ! നിൻ ചരണയുഗളംതന്നെശര
[ണം. ൬

കപാലം കയ്യിൽ, കംധരയിൽവിഷ,മംഗംപ്രതിസരീ-
സൃപാലംകാരശ്രീ,യരയിലിഭചർമ്മാദിവിഭവം
ജപാരാഗം പൂമെയ് പകുതിയിലിവണ്ണം വടിവെഴും
കൃപാലോ!ശംഭോ!നിൻ ചരണയുഗളംതന്നെശരണം.

ദുരാപത്തിൽച്ചാടിച്ചെരുത്തുമുഴലാൻബന്ധമിനിയും
വരാതെൻ കൃത്യം നിൻ കഴലിണയിലർപ്പിച്ചു നിയതം
പരാനന്ദാത്മാവിൻ വടിവു തടവുംനാൾവരെയിഹ,
സ്മരാരേ! ശംഭോ! നിൻ ചരണയുഗളംതന്നെശരണം".

CHATTAMPI SWAMI ARCHIVE

## സാധനവിചാരപദ്യ—

(മുക്തികോപനിഷത്തിൽനിന്ന്, പരമാനന്ദനാഥനാൽ ഭാഷീകൃതം)

"സാധനം നാലെഴും ശ്രദ്ധാ-
യുക്തന്മാരായ പൂരുഷർ
കൈവല്യേച്ഛുക്കളായ്ക്കയ്യിൽ
കാഷ്ഠദ്രവ്യമെടുത്തുപോയ്." ൧

[സാധനം നാല്=(നിത്യാനിത്യവസ്തു) വിവേകം, വൈരാഗ്യം, ശമാദിഷൾക്കം, മുമുക്ഷുത്വം. വൈരാഗ്യം = ഇഹപരഭോഗങ്ങളിൽ അത്യന്തവിരക്തി. ശമം, ദമം, ഉപരതി, സമാധാനം, ശ്രദ്ധ, തിതിക്ഷ എന്നീ ആറും ചേർന്നതു ശമാദി. ശമം=അന്തഃകരണനിഗ്രഹം. ദമം=ബാഹ്യേന്ദ്രിയങ്ങളെ അടക്കൽ. ഉപരതി=വിരക്തി വന്ന വിഷയത്തിൽ വീണ്ടും പററുണ്ടാകാതിരിയ്ക്കുക; അല്ലെങ്കിൽ ബാഹ്യത്തിൽ പററില്ലാതിരിയ്ക്കുക. സമാധാനം= (ബ്രഹ്മ) ലക്ഷ്യത്തിൽ മനസ്സ് ചലിയാതെ നില്ക്കുക. തിതിക്ഷ=സുഖദുഃഖാദി ദ്വന്ദ്വസഹനം. ശ്രദ്ധ=ഗുരുവേദാന്തവാക്യവിശ്വാസം. ഇതെല്ലാം കൂടിയാൽ സാധനചതുഷ്ടയം. ശ്രദ്ധായുക്തൻ=താല്പര്യത്തോടുകൂടിയവൻ.]

'കുലീനനായ് ശ്രോത്രിയനായ്
സർവ്വഭൂതേഷ്ടദായിയായ്
കരുണാനിധിയായ് ശാസ്ത്ര
വാത്സല്യഗുണവാനുമായ്'

[കുലീനൻ= അനേകംപരംപരകളിൽ മഹാന്മാരാൽ അലംകൃതമായ സൽക്കുലത്തിൽ ജനിച്ചവൻ. ശ്രോത്രിയൻ=വേദം പഠിച്ചവൻ.]

"വസിയ്ക്കും സൽഗുരുവിനെ
വഴിപോൽപ്പൂജചെയ്തുടൻ

CHATTAMPI SWAMI ARCHIVE

ന്തുറെറട്ടുപനിഷത്തുംത-
ന്മുഖത്തുന്നു പഠിയ്ക്കണം."

[ത്രേതായുഗത്തിലെ രീതിയനുസരിച്ച 108 ഉപനിഷത്തും പഠിയ്ക്കണമെന്നു വിധിച്ചതാണ്. അശക്തപക്ഷത്തിൽ ദശോപനിഷത്തോ മാണ്ഡൂക്യോപനിഷത്തു മാത്രമൊ പഠിച്ചാലും മതിയെന്ന് അതിൽത്തന്നെ മറെറാരിടത്തു വികല്പം പറഞ്ഞിട്ടുള്ളതുകൊണ്ട്, ഭ്രമത്തിനവകാശമില്ല.].

"ശ്രവണം മനനം, പിന്നെ
നിദിദ്ധ്യാസനമെന്നിവ
നിരന്തരം ചെയ്തുകൊണ്ടു
പ്രാരബ്ധക്ഷയവേളയിൽ". ൮

[പ്രാരബ്ധം=വർത്തമാനദേഹത്തിനു കാരണമായി അതിൽ അവശ്യമനുഭവിച്ചുതീരേണ്ടതായിരിയ്ക്കുന്ന കർമ്മസംചയം]

"ഘടനാശത്തിലാകാശം
പോലെ ദേഹത്രയത്തെയും
വെടിഞ്ഞു പരിപൂർണ്ണാത്മ-
വടിവായ് മുക്തരാം ദൃഢം". ൯

[ദേഹത്രയം=സ്ഥൂല, സൂക്ഷ്മ, കാരണശരീരങ്ങൾ. കാരണശരീരം=മററു രണ്ടു ശരീരങ്ങളുമുണ്ടാകുന്നതിനു കാരണമായ 'അജ്ഞാനം']

"വിദേഹമുക്തിയായീടു-
മിതിനെത്തന്നെയേവരും
കൈവല്യമെന്നുമോതുന്നു
രണ്ടും പാർക്കിലൊരർത്ഥമാം. ൧൦

CHATTAMPI SWAMI ARCHIVE

ഇതുപോൽ ബ്രഹ്മലോകസ്ഥ-
രാത്മഭൂവിങ്കൽനിന്നുതാൻ
വേദാന്തശ്രവണം ചെയ്തു
ധാതാവോടൊത്തു മുക്തരാം. ൭

അതുകൊണ്ടേവനും മോക്ഷ-
കാരണം ജ്ഞാനമൊന്നുതാൻ
സാംഖ്യ,യോഗോ,പാസ്തി,കർമ്മ-
മിവയാൽ മുക്തി കൈവരാ". ൮

[സാംഖ്യം = ഈശ്വരനെ അംഗീകരിക്കാതെ കപിലൻ ഉണ്ടാക്കിയ ഒരു മതം. ഉപാസ്തി=ഉപാസനം.]

"ഇതു വേദാന്തസാരാർത്ഥ-
പ്രതിപാദകമായിടും
ന്തുറെറട്ടുപനിഷത്സാര-
മാണെന്നോവരുമോർക്കണം". ൯

### ശ്രീമഹാദേവസ്തോത്രപഞ്ചകം.

(പണ്ഡിതശിവപ്രസാദകൃതി)

"തുംഗശ്രീദിവിജനദിപ്രവാഹമൊപ്പം
ത്വംഗത്താം ബഹുതരവൃത്തിയുള്ള ടക്കി
'ശൃംഗഗ്രാഹിക'വഴി വസ്തു കാട്ടി, നീ ഹൃ-
ദ്രംഗത്തന്മൊട്ട കുടികൊൾക ഹേ മഹേശ!" ൧



CHATTAMPI SWAMI ARCHIVE

[ത്വംഗത്ത്=ചലത്ത്; ചലിച്ചുകൊണ്ടിരിയ്ക്കുന്നത്. ശൃംഗഗ്രാഹികവഴി = ശൃംഗഗ്രാഹികയെന്ന ന്യായപ്പടി. ശാസ്ത്രങ്ങൾ വിധിരൂപത്തിലും നിഷേധരൂപത്തിലും ആണ് വസ്തുവിനെ അറിയിച്ചുതരുന്നത്. ഒരാൾ നെററിമേൽ കയററിവെച്ചിരിയ്ക്കുന്ന കണ്ണടയുടെ കാര്യം മറന്ന് ആയതന്വേഷിയ്ക്കുന്ന അവസരത്തിൽ അതിനെ ചൂണ്ടിക്കാണിച്ച് ഒരുവൻ പറയുന്നതുപോലെ അറിയിയ്ക്കുന്നതാകുന്നു വിധിരൂപം. അനേകഗോക്കളുടെ ഇടയിൽ തന്റെ ഗോവിനെത്തിരിച്ചറിയിയ്ക്കാൻ അതിന്റെ ശൃംഗത്തിൽ തൊട്ടു കാണിയ്ക്കുന്ന രീതിയനുസരിച്ചാണ് ഈ സംപ്രദായത്തിനു 'ശൃംഗഗ്രാഹിക' എന്നു പേർ വന്നത്. ബ്രഹ്മവസ്തു താനാകെ പ്രത്യക്ഷപ്പെടുത്തി അരുളണമെന്ന് ആകപ്പാടെ താല്പര്യം]

"ആശയ്ക്കൊത്തതുവിധമിപ്പശുക്കളും തൻ
പാശപ്പറററുതിയൊടും നിജസ്വരൂപം
ഏശത്തക്കൊരു തിരുനോട്ടമിങ്ങയയ്ക്കാൻ
ധീശൻ ഹൃത്തളിരിലമർന്നിടട്ടെ നിത്യം". ൨

[ധീശൻ=ഹൃദയഗുഹാവാസിയായ അന്തര്യാമി. (സാക്ഷിചൈതന്യം)].

"മൂശയ്ക്കുള്ളുരുകിയ കാഞ്ചനദ്രവം പോൽ-
ക്കോശങ്ങൾക്കകമകമസ്സ്വഭാവമായി
മോശത്തിൽക്കഴിയുമൊരെന്നെയുദ്ധരിപ്പാ-
നീശൻ ഹൃത്തളിരലിവാർന്നിടേണമിന്നേ". ൩

[ഉള്ളിലുള്ളിലായി ഇരിയ്ക്കുന്ന അന്നമയ, പ്രാണമയ, മനോമയ, വിജ്ഞാനമയ, ആനന്ദമയ കോശങ്ങൾക്കകത്ത് അതിന്റെ രൂപത്തെ കൈക്കൊണ്ട്. മോശത്തിൽ = ആത്മസ്വഭാവം മറന്നു ശോച്യഭാവത്തിൽ]

CHATTAMPI SWAMI ARCHIVE

"ആകണ്ഠം സുധയമരേത്തിലെച്ചേടിപ്പം
നാകപ്പൊൻപുരി'പടിയേററ'മാന്നിരിപ്പം
ലോകത്തിൽ'ച്ചവയൊഴിവ്വി'ന്ന തീരെയാകാ
'ശ്രീകണ്ഠാമൃത'മതുപോലതുള്ളിൽ വാഴ്ക!" ൪

[ച്ചവയൊഴിവ്=വിഷയരസപ്പററ രതി. ശ്രീകണ്ഠാമൃതം=ശ്രീശിവരൂപഅമൃത്. പുറമേ ശ്രീനീലകണ്ഠതീർത്ഥപാദസ്വാമി ശ്രീചരണകൃതിയായ ശ്രീകണ്ഠാമൃതമെന്ന ഗ്രന്ഥത്തെക്കൂടി ഉദ്ദേശിച്ചിരിയ്ക്കുന്നു]

"സംവിദ്രൂപത, നിജമാകിലും പ്രപഞ്ചം
കൈവിട്ടോപ്പ്തു ഗഗനത്തിൽ മുഷ്ടിവെപ്പാം
ഈ വിജ്ഞപ്രതിഭയൊടും ജഗത്തുമററി-
ദ്ദ്യോവിൽപ്പാപ്പോരു പരദൈവമുള്ളിൽ വാഴ്ക!"

[ശ്രീമഹാദേവനുള്ള ജ്ഞാനസ്വരൂപതാം നിത്യസിദ്ധമാണെന്നു വരികിലും രൂപാദി പ്രപഞ്ചസംബന്ധത്തോടുകൂടാതെ ആയാൽ അത് ആകാശത്തെ മുട്ടുകൊണ്ടിടിയ്ക്കുന്നതുപോലെ അസാദ്ധ്യമെന്നു കണ്ടു ലോകാനുഗ്രഹത്തിനായി വിശ്വരൂപം ധരിച്ചു ലോകം നിറഞ്ഞു പററററ്, പരാകാശത്തിൽ (സ്വാന്ന്യനിരപേക്ഷമായ സ്വസത്തയിൽ) വർത്തിയ്ക്കുന്ന പരദൈവം ഉള്ളിലിരുന്നരുളട്ടെ എന്നു താല്പര്യം. ശ്രീ. നീ. തീർത്ഥസ്വാമിപാദാന്തേവാസിപം; ശിവപ്രസാദ.)]

ശുഭം. ശാന്തി.

---

## സൃഷ്ടിവിചാരപദ്യ.

(ശ്രീ. നീ. തീർത്ഥസ്വാമി)

"ഒരേസമയമാകാശ-
പ്പേരേന്തും സത്തിൽനിന്നിഹ

CHATTAMPI SWAMI ARCHIVE

ഈരേഴുലകു മൂടോടെ
നേരേവന്നെന്നു പിന്നെമേൽ. ൧

ആകാശാദിമുറയ്ക്കെല്ലാ-
മേകാത്മാവതിൽനിന്നുതാൻ
ആകാരമാർന്നതായന്യ-
പ്രകാരം സൃഷ്ടി കേൾപ്പിതു്. ൨

രണ്ടു രീതിയിലും സ്വപ്നം
കണ്ടുപോരുക കാരണം
വേണ്ടുകി, ല്ലാശ്രുതിശിര-
സ്സുണ്ടുതാനുമിതേവിധം." ൩

["സർവ്വമാകാശാദേവ സമുല്പദ്യന്തേ" എന്നു ശ്രുതി പറയുന്നതു കൊണ്ടു് ആകാശശബ്ദവാച്യമായ ബ്രഹ്മത്തിങ്കൽനിന്നു ക്രമമൊന്നും കൂടാതെ പ്രപഞ്ചം മുഴുവനുണ്ടായതായും, "ആകാശാദ്വായുഃ, വായോരഗ്നിഃ" എന്നു തുടങ്ങി മറെറാരുവിധത്തിൽ വേദം ഘോഷിക്കുന്നതു കൊണ്ടു് ആകാശാദികൾ മുറയ്ക്കുണ്ടായതായും പറയപ്പെടുന്നു. ദേശ കാലക്രമം തെററിയും ദേശകാലയോഗ്യതയനുസരിച്ചും സ്വപ്നമുണ്ടാകുന്നതിനാലും, ഈ രണ്ടുതരത്തിലും വേദാന്തത്തിൽ സൃഷ്ടി പറഞ്ഞിരിക്കയാലും രണ്ടു പക്ഷവും ശരിതന്നെ. ഈയഭിപ്രായത്തെ ശ്രീമദ്വിദ്യാരണ്യസ്വാമികളും താങ്ങിപ്പറഞ്ഞിട്ടുണ്ടു്]

"ആദ്യപക്ഷപ്പടിയ്ക്കെങ്കിൽ
ഭേദ്യമാം ഭ്രാന്തി, 'നേതി'യാൽ
വിദ്യയാലന്യപക്ഷത്തിൽ
വേദ്യമാണെതിരായ്ലയം." ൪

CHATTAMPI SWAMI ARCHIVE

[നേതിയാൽ = നിഷേധലക്ഷണത്താൽ. ഛേദ്യം = നശിപ്പിയ്ക്കു (കളയ)ത്തക്കതു്]

"എന്തെന്തു വഴി ബോധത്തി-
ന്നന്തേമറ്റുപദേശവും
സ്വന്തേ വാർത്തികകാരൻെറ
മതേ കൈകണ്ട കാര്യമാം." ൭

[ഇവിടെ വാർത്തികകാരൻ വേദാന്തവാർത്തികകൃത്തായ ശ്രീസുരേശ്വരാചാര്യനാണു്]

"സൃഷ്ടിയിൽ ശ്രുതിതാല്പര്യം
കഷ്ടിതാനെന്നിരിയ്ക്കിലും
പുഷ്ടിയുണ്ടാകുവാൻ മന്ദ-
ദൃഷ്ടിക്കായ്ച്ചൊല്ലിവെച്ചിതു്. ൮

ഈമട്ടിരിയ്ക്കെക്കർത്താവായ്-
ക്കേമന്മാർ ചിത്തെടുപ്പതു്
സമസ്തത്തിന്നധിഷ്ഠാന-
ധാമമെന്നുള്ള മട്ടിലാം." ൯

[അധിഷ്ഠാനധാമം=ഭേദകല്പനയ്ക്കെല്ലാം ആശ്രയസ്ഥാനം]

"ജഗൽസൃഷ്ടി യഥാർത്ഥത്തിൽ
നിഗമിപ്പാൻ തുടങ്ങുവോൻ
വിഗതാലംബനാം താങ്ങും
ദാഗത്തെക്കെവെടിഞ്ഞിടിൽ." ൰

[നിഗമിപ്പാൻ = യുക്തിപൂർവ്വം വ്യവസ്ഥാപിയ്ക്കുവാൻ. വിഗതാലംബൻ=ആശ്രയമററവൻ]

CHATTAMPI SWAMI ARCHIVE

"പരമാണുക്കളെസ്സൃഷ്ടി-
പ്രേരണയ്ക്കായ് ഗ്രഹിയ്ക്കിലോ
ഉരയ്ക്കണം പ്രധാനത്തിൻ
പരപ്രത്യയകാരിത". ൯

[പ്രധാനം=സത്വരജസ്തമോഗുണങ്ങളുടെ സാമ്യാവസ്ഥയായി സാംഖ്യമതക്കാർ പറയുന്ന പ്രകൃതി. പരപ്രത്യയകാരിത=പരാശ്രയസ്ഥിതി; മറ്റൊന്നിനെ ആശ്രയിച്ചുനില്ക്കയൊ പ്രവൎത്തിയ്ക്കയൊ ചെയ്ക എന്നുള്ള അവസ്ഥ.]

"അചേതനമണുക്കൂട്ടം
വിചേഷ്ടിപ്പിച്ചിടാനൊരാൾ
സചേതനൻ വേണമീശൻ
സുചേതസ്സേവമോതിടും. ൧൦

അന്നേരമീശനെ പ്രേരി-
ച്ചോന്നേതാണ്ടു നടക്കണം
എന്നോ തീൎന്നാക്കാമകൎമ്മം
വന്നേല്ക്കുകയസാദ്ധ്യമാം. ൧൧

പ്രേരകം ശക്തിയെങ്കിൽപ്പി-
നാരതിന്റെ നിയാമകൻ
നിരക്കാഞ്ഞീവിധം സൃഷ്ടി
പരത്തിൽ ഭ്രമകല്പന." ൧൨

[മേൽ പ്രസ്താവിച്ച കാരണങ്ങളാണ് സൃഷ്ടിവിധാനത്തിൽ ശ്രുതിയ്ക്കു താല്പൎയ്യമില്ലെന്നു പറഞ്ഞതു്.]

CHATTAMPI SWAMI ARCHIVE

"അനാദികർമ്മപാകത്താൽ
നാനാത്വംകെട്ട ചിത്തതിൽ
മനാക് ചലിപ്പാം വിക്ഷേപം
വാനാദിവടിവായിത്. ൫൩

വ്യോമാദിയഞ്ചിൻസത്വാംശാൽ
ക്രമാല്ക്കർമ്മേന്ദ്രിയങ്ങൾപോൽ
സമാംശം ചേർന്നുൾക്കരുവി,
പ്രമാണത്തിനു ലക്ഷ്യമായ്." ൫൪

[ആകാശം, വായു, അഗ്നി, അപ്പ്, പൃഥിവി എന്നിവയഞ്ചിന്റേയും സാത്വികാംശം ഓരോന്നുകൊണ്ടു ശ്രോത്രം, ത്വക്ക്, നേത്രം, ജിഹ്വ, ഘ്രാണം എന്ന ജ്ഞാനേന്ദ്രിയങ്ങളുണ്ടായതുപോലെ (സമാംശം=) സർവ്വാംശങ്ങളും ഒന്നു ചേർന്ന് (ഉൾക്കരുവി=) അന്തഃകരണം ഉൽഭൂതമായി.]

ഈയന്തഃകരണം വൃത്തിനിയമത്താൽ ചതുർവ്വിധം
ധീ,യഹംത,മനം,ചിത്തം;ലയമാർന്നിവ രണ്ടിലാം. ൫൫

[ബുദ്ധി, അഹംകാരം, മനസ്സ്, ചിത്തം എന്ന നാലിൽ അഹംകാരവും ചിത്തവും, ബുദ്ധിയിലും മനസ്സിലും അന്തർഭവിച്ചു ബുദ്ധിയും മനസ്സും ശേഷിയ്ക്കുമെന്നർത്ഥം.]

"രാജസാംശങ്ങൾ വാഗാദി-
ബീജമാമൊന്നു ചേർന്നിവ
നിജസ്ഥിതിവശാല്പഞ്ച-
ധ്വജപ്രാണനു കാരണം." ൫൬

[മുമ്പു പറഞ്ഞതുപോലെ തന്നെ ആകാശാദിപഞ്ചഭൂതങ്ങളുടെ രാജസാംശം ഓരോന്നുകൊണ്ടു വാക്ക്, പാണി, പാദം, പായു (ഗുദം), ഉപസ്ഥം എന്ന കര്‍മ്മേന്ദ്രിയങ്ങളുണ്ടായി എന്നും രാജസാംശങ്ങള്‍ ഒത്തുചേര്‍ന്നു പ്രാണാപാനാദി അഞ്ചുപ്പിരിവുള്ള പ്രാണവായു ഉണ്ടായി എന്നും താല്പര്യം.]

“ഭൂതതന്മാത്ര രൂപപ്പെ-
ട്ടുതകംപോല്‍പ്പകുത്തതില്‍
ഇതരാംശങ്ങള്‍ നന്നാലു
വീതമാകായിതാകവേ. ൫൭

അതതംശമൊഴിച്ചുള്ള
മുതല്ലുകൊട്ടു ചേര്‍ത്തജന്‍
വിതതാണ്ഡാദികം പഞ്ചീ-
കൃതകാര്യമതാക്കിനാന്‍.” ൫൮

[ഭൂതതന്മാത്ര=സൂക്ഷ്മഭൂതങ്ങള്‍. ഉതകംപോല്‍=ഉപയോഗയോഗ്യമാകുമാറ്. പകുത്ത്=രണ്ടായിപ്പകുത്ത്. പിന്നീട് ഒരു ഭാഗമായ അഞ്ചംശമെടുത്ത് ഓരോന്നും നന്നാലാക്കണം. അതിനുശേഷം ആദ്യത്തെ അംശങ്ങളില്‍ ആകാശാംശത്തോട് (നന്നാലാക്കിയ അംശത്തിലെ) ആകാശഭാഗമൊഴിച്ചു മറ്റെല്ലാഭാഗങ്ങളും ചേര്‍ക്കണം. ഇപ്രകാരം തന്നെ വായ്വാദി അംശങ്ങളോട് അതാതിന്റെ ചെറിയ അംശംവിട്ടു മററുള്ള ഭാഗങ്ങളും യോജിപ്പിക്കണം. ഇങ്ങനെ കൂട്ടിച്ചേര്‍ത്തു പഞ്ചീകരിച്ച് (പരന്ന്, വിശാലമായിക്കിടക്കുന്ന) ബ്രഹ്മാണ്ഡാദിസര്‍വ്വവും പഞ്ചീകൃതപഞ്ചമഹാഭൂതങ്ങളെക്കൊണ്ടുണ്ടാക്കിയെന്നു താല്പര്യം.]

“മതിബുദ്ധികള്‍, തന്‍പ്രാണ-
തതിയക്കരുവിദ്ഗുണം

CHATTAMPI SWAMI ARCHIVE

പതിനേഴം സൂക്ഷ്മദേഹ-
മിതിനാൽബ്ബന്ധമുക്തികൾ.'' ൧൯

[മനസ്സ്', ബുദ്ധി; പ്രാണൻ അപാനൻ വ്യാനൻ ഉദാനൻ സമാനൻ എന്ന അഞ്ച്യ വായുക്കൾ; മുമ്പുപറഞ്ഞ പത്തിന്ദ്രിയങ്ങൾ ഇവ്വയും (ചേൎന്നു) സൂക്ഷ്മശരീരമാണെന്നും ബന്ധവും മോക്ഷവും ഈ സൂക്ഷ്മദേഹം വഴിയാണുണ്ടാകുന്നതെന്നും താല്പൎയ്യം. "കൎമ്മാത്മാത്വപരൊ യോസൌ മോക്ഷബന്ധൈഃ സ യുജ്യതേ; സ സപ്തദശകേനാപി രാശിനാ യുജ്യതേ പുനഃ" എന്നു സ്മൃതിപറയുന്നു.]

ശുഭം.

## ശ്രീ ശി വ ന വ ക ം.

(ശ്രീനീലകണ്ഠതീൎത്ഥപാദസ്വാമികൃതി.)

"അല്ലേ മഹേശ! ഭഗവൻ! രസമായ്ക്കുറിയ്ക്കു-
ന്നില്ലേ ഭവാനെ നിഗമാവലി യീരസത്തെ
കില്ലേശിടാതെ നിജരൂപതയാ ഗ്രഹിച്ചു
നില്ലേ്പകേവലപദം വരുവാൻ തുണയ്ക്ക!'' ൧

["രസോ വൈ സഃ'' ഈ പരമാത്മാവു രസരൂപനാകുന്നു എന്ന ശ്രുതി ഇവിടെ അനുസന്ധാനം ചെയ്യപ്പെടുന്നു. 'നിജരൂപതയാ'='നിജരൂപമതായ്'.]

"ത്രാണിയ്ക്കു തക്കപടി നല്ലവയൊക്കെ മൎത്ത്യൻ
കാണിയ്ക്കയാക്കിയിഹ നിന്തിരുവന്തരംഗം
പ്രീണിയ്ക്കുവാൻ തുനിവതോൎക്കിലേതഭിജ്ഞൻ
നാണിച്ചിടാത്തു ബത! നിൎഗ്ഗുണനോ പ്രസാദം?'' ൨



CHATTAMPI SWAMI ARCHIVE

[പ്രീണിയ്ക്കുവാൻ= (തിരുവുള്ളം) പ്രസാദിപ്പിയ്ക്കുവാൻ. നിർഗ്ഗുണൻ=ഗുണാതിഗൻ.]

"എന്നുള്ള വസ്തുത വിചാരണയിൽക്കിടക്കെ
നന്നാംപ്രസത്തിയണയിപ്പൊരു ജാലവിദ്യ
ഇന്നുള്ള സൂത്രവഴി ശംകര! നിൻെറയുള്ളി-
ലൊന്നററുനോക്കുകയസാദ്ധ്യമെനിയ്ക്കു നൂനം." ൩

[പ്രസത്തി=പ്രസാദം; കളിമ്പ സൂത്രം=ന്യായ(ത്തെ നിർണ്ണയിയ്ക്കുന്നുള്ള) സൂത്രം; അല്ലെങ്കിൽ "ശിവസൂത്രം", (കൌശലമെന്നുമാവാം.)]

"കല്ലേറുകൊണ്ടുതുമടിയ്ക്കുടി വില്ലുകൊണ്ടു
തല്ലേററതും തിരുവടിയ്ക്കു രുചിച്ചു ശംഭോ!
ഇല്ലേതു"ദൃക്കില്ല"മിതിൽഖലു നിൻപ്രസാദ-
തെല്ലേന്തുവാൻ "പരഹിത"ത്തിലുമില്ല മാർഗ്ഗം. ർ

ധാതാവുതൊട്ടൊരുതുരുമ്പുവരെയ്ക്കുമുള്ള
ഭൂതാദികൾക്കകമമ,ന്നതറിഞ്ഞിടാതെ
ഏതാനമല്ലതിനെയാകെയുണർന്നടക്കാൻ
നീതാനൊരാൾഗിരിശ! വാജസനേയവാക്കിൽ" ൫

[അന്തര്യാമിബ്രാഹ്മണത്തിൻെറ താല്പര്യം ഇതിൽ സംഗ്രഹിച്ചിരിയ്ക്കുന്നു.

"വൈശ്വാനരാനിലദിവാകരഭേദമാന്ന
വിശ്വാതിപാവനവപുസ്സുകൾമാർഗ്ഗമായ് നീ
നിശ്വാസമട്ടിഹമുറയ്ക്കു ചമച്ചു വേദ-
മാശ്വാസമി"ത്രയി"വഴിയ്ക്കുഖിലക്ഷമീശാ!" ൬

[ത്രയി=വേദങ്ങൾ; ഋക്ക്, യജുസ്സ്, സാമം, ഈ മൂന്നുംകൂടി ത്രയി എന്നു പറയുന്നു.]

“ശ്രീശംകരാത്ര ഭവദംഘ്രിയിലാണു ചിത്തം
പാശം മുറിച്ചു പശുവെന്ന മതിപ്പൊഴിച്ച്
ലേശം വിളംബമിയലാതെ ‘യരൂപനാശ’-
മാശംസ പോലണയുവാൻ കൃപ ചെയ്യണം നീ” ൭

[മനസ്സിനു സരൂപനാശമെന്നും അരൂപനാശമെന്നും രണ്ടവസ്ഥകളുണ്ട്. ഇതിൽ സരൂപനാശം ജീവന്മുക്തനിൽ (ജ്ഞാനിയിൽ) ഉള്ളതും അരൂപനാശം വിദേഹമുക്തനിൽ വ്യവഹരിക്കപ്പെടുന്നതും ആകുന്നു. വിദേഹമുക്തന്മാർ ഇതു ലോകദൃഷ്ട്യാ മാത്രമാണ്. ആകെക്കൂടെ വിദേഹമുക്തി അരുളേണമെന്നു ഭാവം.]

“ഈരീതി യാച്ഞയൊരുമാതിരി നീതികേടാം
ഗൌരീശ! നീലഗളഭാരതി വാക്കിലെന്നാൽ
ദൂരീകരിക്ക, വഹിയാത്ത മുമുക്ഷുഭാവ-
പാരീണതയ്ക്കിതു മഹേശ്വര! ചേർച്ചതന്നെ” ൮

[നീലഗളഭാരതി=ശ്രീനീലകണ്ഠഭാരതിസ്വാമിയെന്ന പൂർവാചാര്യൻ. നീലഗളനെന്നു പറഞ്ഞതു കവിരൂഢിപ്രകാരമാണ്. കഷ്ടപ്പെട്ടു ചെയ്ത തപസ്സായിരുന്നാലും അത് ആഗ്രഹത്തോടുകൂടിയതാണെങ്കിൽ ഈശ്വരപ്രസാദത്തിനു മതിയാകയില്ലെന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. എന്നാൽ തീവ്രമുമുക്ഷുത—മോക്ഷം വേണമെന്നുള്ള ആശയുടെ പരമകാഷ്ഠയിലെത്തുകയെന്നതു—ശാസ്ത്രസമ്മതമാകയാൽ ഈ (യാച്ഞയ്ക്കു) അപേക്ഷയ്ക്കു ഇവിടെച്ചേർച്ചയുണ്ടെന്നു താല്പര്യം. പാരീണത=പാരംഗമത്വം.]

CHATTAMPI SWAMI ARCHIVE

"എങ്ങും ശിരഃശ്രവണനേത്രഭുജാംഘ്രിക്രൂടം
തിങ്ങും വിരാൾപ്പുരുഷനായിഹ നില്ക്കുമീശാ!
അങ്ങുന്നു സച്ചിതിസുഖാത്മകമാം ത്രിപാദം
തങ്ങും ദിവസ്ഥിതിവശാൽ പ്രണവാർത്ഥമായി." ൻ

[സ്ഥാവരജംഗമാത്മകമായ പ്രപഞ്ചം മുഴുവനും ചേർന്ന നാലാം പാദം (അംശംകൊണ്ടു ബ്രഹ്മാണ്ഡം വ്യാപിച്ച്, സച്ചിദാനന്ദസ്വരൂപമായ ത്രിപാദംകൊണ്ടു (ദിവസ്ഥിതി=) സ്വപ്രകാശസ്വരൂപസ്ഥിതി ആളുന്ന അങ്ങ്, പ്രണവത്തിന്റെ അർത്ഥമായിരിയ്ക്കുന്നു എന്നു താല്പര്യം.]

സമാപ്തം.

## ശ്ര വ ണ വി ചാ ര പ ദ്ധ.

(ശ്രീ നീ. തീർത്ഥസ്വാമി.)

"നിരുപാഖ്യാദ്വയാനന്ദപ്പൊരുളായുള്ളൊരേ നില
അരുമപ്പെട്ടകൈവല്യപ്പെരുമയ്ക്കൊത്തലക്ഷണം" ഫ

[നിരുപാഖ്യം=വാചാമഗോചരം; കുറിയ്ക്കാൻ വഹിയാത്ത. അദ്വയാനന്ദപ്പൊരുൾ=ദ്വൈതമററതായും ആനന്ദ(സുഖ)രൂപമായും ഇരിയ്ക്കുന്ന സദ്വസ്തു (ബ്രഹ്മം). ആനന്ദം ഗുണമാണെന്നു താർക്കികന്മാർ പറയുന്നെങ്കിലും "ആനന്ദോ ബ്രഹ്മേതി വ്യജാനാൽ" ആനന്ദം ബ്രഹ്മമെന്നു ശ്രുതി പറകയാൽ അവരുടെ ഊഹം തെററാകുന്നു. "ബ്രഹ്മത്തിന്റെ ആനന്ദം" എന്നു പറയുന്നേടത്തു "രാഹുവിന്റെ ശിരസ്സ്" എന്നതിലെപ്പോലെ ഭേദപ്രതീതി, ഔപചാരികമാകകൊണ്ടു് അതും ഈ അർത്ഥത്തിൽ ഗ്രഹിയ്ക്കേണ്ടതാണ്. ഒരേ നിലയെന്നു പറഞ്ഞതു് പുനരാവൃത്തിയില്ലാത്തതാണ് കൈവല്യമെന്നു കാണിയ്ക്കാനാകുന്നു.]

CHATTAMPI SWAMI ARCHIVE

"സാലോക്യാദികളാം മോക്ഷ-
മാലോചിയ്ക്കിൽ ഭയപ്രദം
വിലോപിയായ് കൃത്രിമത്വാ-
ന്നാലോകഘടികാദിപോൽ". ൮

[ഘടാദിപോലെ കൃത്രിമം (കാര്യം) ആവു എന്നുള്ളതിനാൽ (വിലോപിയായ് =) നശിച്ച് (ഒടുവിൽ) ഭയം ജനിപ്പിയ്ക്കുന്നതാകുന്നു സാലോക്യാദിയെന്നു യുക്തിസാരം.

ഇത്തരം മോക്ഷം പോലും അസ്വാരസ്യമെന്നു വരുന്ന സ്ഥിതിയ്ക്കു മററു തീർത്ഥകരന്മാരുടേതിനെക്കുറിച്ചു പറയേണ്ടതില്ല; എങ്കിലും സ്വല്പം പറഞ്ഞു സമാധാനം വരുത്തിക്കൊള്ളട്ടെ!

(ബോധ) സന്താനോച്ഛേദമാണ് മോക്ഷലക്ഷണമെന്നു പറയുന്നതിൽ ഈ പുരുഷാർത്ഥം (ധർമ്മിയും ധർമ്മവുംപോലെ കരുതേണ്ടതായ) സന്താനികൾക്കൊ സന്താനത്തിനൊ എന്നു വികല്പിയ്ക്കുമ്പോൾ, സന്താനികൾ ഉല്പത്തിയ്ക്കുശേഷം തന്നെത്താൻ നാശമടയുന്നതിനാൽ മോക്ഷഫലസംബന്ധമില്ലാത്തതുകൊണ്ട് അതിനല്ലെന്നു വരുന്നു. തന്നാശം (സ്വരൂപവിഘാതം) പുരുഷാർത്ഥമാകയെന്നതു ശരിയല്ലാത്തതിനാലും പ്രിയതമമായ തൻസ്വരൂപം നശിയ്ക്കുന്നതു് ആക്കുംതന്നെ ഇഷ്ടമല്ലാത്തതുകൊണ്ടും സന്താനത്തിനുമാകില്ലെന്നു വരുന്നു. എന്നല്ല, സന്താനികളിൽനിന്നന്യത്തായി സന്താനം നില്ക്കുയെന്നതു വിചാരസഹമല്ലായ്കയാൽ അതിനു ബന്ധമോക്ഷങ്ങൾ കല്പിയ്ക്കുന്നതു പ്രയാസവുമായിരിയ്ക്കുന്നു. പിന്നെ, സന്താനികൾ തന്നെ സന്താനമെന്നു പറയാമെന്നുവെച്ചാൽ അവയ്ക്കു പ്രത്യേകമായി സന്താനബുദ്ധിവിഷയത്വം സിദ്ധിയ്ക്കാത്തതിനാലും സ്വയം നശിയ്ക്കുമെന്നു മുൻപറഞ്ഞ ദോഷമൊഴിയാതിരിയ്ക്കുന്നതുകൊണ്ടും അതും ചേരുന്നില്ല. ഇങ്ങനെ വരുന്ന അസംഖ്യം ദോഷകലാപം നിമിത്തം, "ഉല്ക്കൃഷ്ടാപകൃഷ്ഭാവത്തിൽ മറിയാതെ തോന്നിത്തൊട്ടുവരുന്ന രാഗദ്വേഷമോഹാദിക്ലേശങ്ങളാൽ ദൂഷിച്ചുപോയ ബോധസന്താനത്തിന്റെ വിനാശമാണ് മോക്ഷം" എന്നു മാദ്ധ്യമികബൌദ്ധൻ പറയുന്നതു് അസംഗതമായിരിയ്ക്കുന്നു.

CHATTAMPI SWAMI ARCHIVE

ബുദ്ധമുനിയുടെ ശിഷ്യന്മാരിൽ ഉത്തമാധികാരിയെന്നു വച്ചിരിയ്ക്കുന്ന ഈ ശൂന്യവാദിയുടെ പക്ഷം ഇങ്ങനെയാകുമ്പോൾ താഴ്ന്ന തരക്കാരായ വൈഭാഷികാദികളുടെ സ്ഥിതി പറയേണ്ടതുണ്ടോ?

ഇനി അടുത്ത പടിക്കാരനായ യോഗാചാരബൌദ്ധൻെറ നയമനുസരിച്ചു വിചാരിയ്ക്കാം; പരിശുദ്ധബോധസന്താനമുദിയ്ക്കുമ്പോൾ മുമ്പുള്ള സന്താനം നശിയ്ക്കുന്നോ ഇല്ലയോ എന്നു വികല്പിച്ചാൽ ആദ്യപക്ഷത്തിൽ പുരുഷാർത്ഥമേ ഇല്ലെന്നും പരിശുദ്ധസന്താനത്തിനാണ് (പുരുഷാർത്ഥം) എന്നു വെയ്ക്കുന്നതായാൽ മോക്ഷത്തിനായി പ്രയത്നിയ്ക്കുന്നവനല്ലാതെ അതു മററൊരുവന്നായിപ്പോകുന്നുവെന്ന (വൈയധികരണ്യ)ദോഷത്താൽ കാര്യം മോശമായി എന്നും വരുന്നു. മോക്ഷാവസ്ഥയിലും ബോധസന്താനത്തെ കല്പിയ്ക്കുന്നപക്ഷം ക്ലേശബാധ മാറാബ്ബാധതന്നെ. വാസനനിമിത്തം കല്പന— വാസനാജന്യഭ്രമജ്ഞാനം— ഉണ്ടാകുന്നതും തത്വപരിചിന്തകൊണ്ടു വാസന കെട്ടുന്നതുമാകുന്നു. ഈ തത്വജ്ഞാനം സംസാരവാസനയേയും രാഗാദിവാസനയേയും നശിപ്പിയ്ക്കയില്ലെന്നു വരുന്നതിനാൽ സംസാരബന്ധം തുടൎന്നില്ലുമെന്നും വരുന്നു. ഇപ്രകാരം ദോഷഗ്രസ്തമാകയാൽ "ക്ഷണികദുഃഖ (മറവുള്ള) ദ്ധ്വംസരൂപതത്വഭാവനകൊണ്ടുണ്ടാകുന്നതും വിഷയാകാരാദി അനൎത്ഥജാലത്തോടുകൂടാത്തതും ആയ ചിത്ത(വൃത്തി)സന്താനം മോക്ഷം" എന്ന യോഗാചരബൌദ്ധമതവും വ്യത്തികേടായിരിയ്ക്കുന്നു.

ജൈനമതക്കാർ മോക്ഷലക്ഷണം പലവിധം പറയുന്നു. "അനാദികാലം തുടങ്ങിയുണ്ടായിട്ടുള്ള ശരീരത്തിൻെറ സ്ഥിതിയ്ക്കു ഹേതുഭൂതമായ ക്ലേശാദിബന്ധം വേർപെടുമ്പോൾ ജീവാത്മാവിന്നുണ്ടാകുന്ന സതതോൎദ്ധ്വഗതി മോക്ഷ"മെന്ന പക്ഷമാണ് അതിൽ പ്രധാനം. നിരന്തരക്ലേശപ്രദമായിക്കാണുന്നതിനാൽ ഈ "മേല്പെട്ടുപോക്ക്" മോക്ഷത്തിനു ചേരുകില്ലെന്നുമാത്രമല്ല അനൎത്ഥകരമായി തോന്നുകകൂടി ചെയ്യുന്നു. ഇതിന്നുപുറമെ ഇവരുടെ മതപ്പടി ആത്മാവ് (സാവയവം) അവയവത്തോടുകൂടിയതാണെന്നു വരുന്നതിനാൽ അനിത്യമായിത്തീരുന്നു. യാതൊന്നു സാവയവമാണ് അതനിത്യമാകുന്നു എന്നാണ് നിയമം. അനിത്യവസ്തുവിനു ബന്ധമോക്ഷങ്ങൾ എങ്ങനെ

CHATTAMPI SWAMI ARCHIVE

കല്പിയ്ക്കാം? ഈവിധമെല്ലാം ദോഷകലുഷിതമാകയാൽ ഈ മതക്കാരുടെ മോക്ഷവും പന്തിയല്ല.

"അക്ഷയശരീരലാഭമാണ് മോക്ഷം" എന്നു കാപാലികന്മാർ ചൈതികരും മുതലായവർ പറയുന്നു. "ശരീരമാകുന്നു എന്നുള്ള കാരണത്തിന്മേൽ വാദവിഷയമായ ശരീരം നമ്മുടെ (ഭൗതിക)ശരീരം പോലെ അനിത്യമാകുന്നു" എന്ന യുക്തിദൃഷ്ടിയ്ക്ക് ഇതു തീരെ ചേരുന്നില്ല. ശ്രുതിയ്ക്കോ! നിത്യലോകശരീരങ്ങൾ തീരെ സമ്മതമല്ലതാനും. ആകയാൽ ഈ മോക്ഷവും ശരിയല്ല. ഇതു മതാന്തരനിരാസമാകയാൽ പൌനരുക്ത്യമില്ല.

ഇച്ഛാദ്വേഷപ്രയത്നസുഖദുഃഖജ്ഞാനലക്ഷണത്തോടുകൂടിയ അനന്തആത്മാക്കളെ വിലക്ഷണങ്ങളായി വ്യവസ്ഥാപിയ്ക്കുന്ന ദ്വൈതവൈശേഷിക മതപ്രകാരമായാൽ "ജ്ഞാനം, സുഖം, ദുഃഖം, ഇച്ഛ, ദ്വേഷം, പ്രയത്നം, സംസ്കാരം എന്ന വിശേഷഗുണങ്ങളുടെ ക്ഷയാവസ്ഥയിൽ ക്ഷേത്രജ്ഞനായ ആത്മാവിന്നുണ്ടാകുന്ന (ഈശ്വരോപാസനാസഹകൃത) സ്വരൂപാവസ്ഥാനം മോക്ഷം" എന്നാകുന്നു നിശ്ചയം. ചുരുക്കത്തിൽ, ആത്യന്തികദുഃഖനിവൃത്തി പുരുഷാർത്ഥം എന്നു താല്പര്യം. സുഖത്തിൻെറ കണികപോലും ഇതിലില്ലായ്കയാൽ നിഷ്പ്രയോജനമാണ് ഇതെന്നു വരുന്നു. പ്രയോജനമില്ലാത്ത വിഷയത്തിൽ ദൃക്ശക്തിയുള്ളവർ പ്രവൃത്തിയ്ക്കയില്ലല്ലൊ. സുഖത്തെ അംഗീകരിയ്ക്കാത്തതുകൊണ്ട് ഇതിനെ അപുരുഷാർത്ഥമെന്നല്ലെ പറയേണ്ടതെന്നും തോന്നുന്നു. ദുഃഖാഭാവം തന്നെ സുഖമല്ലയൊ എന്നാണെങ്കിൽ അതു പുരുഷാർത്ഥമായി ഗണിയ്ക്കാറില്ല. അതിന്നുമാത്രമാരും പ്രയത്നിയ്ക്കാറുമില്ല. ദേഹത്തിൽനിന്ന് അസ്ഥികണ്ടകാദികൾ കീറിയെടുക്കുന്നതിലുള്ള ദുഃഖോപരമം പോലും സുഖസം(ഭോഗ)സിദ്ധിയ്ക്കാണല്ലൊ. ഈവിധ കാര്യങ്ങളിൽ വിഷയോപരാഗ(സംബന്ധ)സുഖമില്ലാത്തതിനാൽ നമ്മുടെ സിദ്ധാന്തപ്പടിയുള്ള പരപ്രേമാസ്പദ ആത്മസ്വരൂപസുഖമാണ് വ്യക്തമാകുന്നത്. മേൽ പ്രസ്താവിച്ച മാതിരി മോക്ഷാവസ്ഥയിൽ വിജ്ഞാനം മുതലായ വിശേഷഗുണം നശിച്ചുപോകയാൽ ദുഃഖരാഹിത്യം സംവേദന വിഷയമല്ലാ(അറിയപ്പെടാ)ത്തതായിത്തീരുന്നു. അപ്പോൾ ബോധക്കേടിനെക്കാൾ ഇതിനെന്തു വിശേഷമാണു

CHATTAMPI SWAMI ARCHIVE

ണ്ടാക? സുഷുപ്തി മുതലായ ചില അവസ്ഥകളിലെപ്പോലെ അനുഭവഗോചരമല്ലെന്നിരിക്കുന്ന ദുഃഖാത്യന്താഭാവം പുരുഷാർത്ഥം തന്നെയെന്ന അഭിപ്രായം പ്രമാണമില്ലാത്തതുകൊണ്ട് ഒപ്പുകൊള്ളത്തക്കതല്ല. എന്തെന്നാൽ ഒന്നിന്റെ അഭാവം സംവേദനം കൊണ്ടാണല്ലോ അറിക. അപ്പോൾ സംവേദനത്തിന്റെ അഭാവം എന്തുകൊണ്ടറിയേണ്ടു? സംവേദനം (സംജ്ഞാനം) കൊണ്ടുതന്നെ എന്നു പറയുന്നതായാൽ സംവേദനരാഹിത്യം പ്രത്യക്ഷമായുണ്ടാകുന്നില്ല. അനുമാനംകൊണ്ടാണെന്നുവരുകിൽ സർവ്വസംവേദനവുമടങ്ങിയ നിലയിൽ അനുഭവത്തിനു പ്രവേശമേ ഇല്ലാത്തതിനാൽ അതുവഴിക്കും സർവ്വസംജ്ഞാനരാഹിത്യം കിട്ടുന്നില്ല. ഇങ്ങനെ സുഖാനുഭൂതിരഹിതമായ നില, പുരുഷാർത്ഥമാകാത്ത കാരണത്താൽ വൈശേഷികമതമോക്ഷവും ദുരന്തം തന്നെയെന്നു വരുന്നു.

ഇനി, ശരീരേന്ദ്രിയാദി ഭാവത്തിൽ പരിണമിച്ച പ്രകൃതിയികൽനിന്നും പുരുഷനെ തിരിച്ചറിയായ്കനിമിത്തം കർത്താവ്, ഭോക്താവ്, സുഖി, ദുഃഖി എന്നു തുടങ്ങിയ വ്യവഹാരമുണ്ടാകുന്നുവെന്നും വിവേകംകൊണ്ടു പ്രകൃതിയോടു വേർപെട്ടു പുരുഷനു സ്വരൂപാവസ്ഥാനം സിദ്ധിക്കുന്നതു മോക്ഷമെന്നും സാംഖ്യമതക്കാർ പറയുന്ന ഭാഗം നോക്കാം. സുഖസാക്ഷാല്ക്കാരമില്ലാത്തതിനാൽ ഇതു പുരുഷാർത്ഥമാകയില്ല. പുരുഷാർത്ഥലക്ഷണസംപത്തിയില്ലായ്കയാൽ ഇതു മോക്ഷവുമാകുന്നില്ല. വേദാന്തിമതത്തിലെപ്പോലെ ഇതിൽ പുരുഷനെ ആനന്ദരൂപനായി അംഗീകരിച്ചിട്ടില്ലാത്തതുകൊണ്ടു സ്വന്തം സുഖസ്ഫുരണം പുരുഷാർത്ഥമാണെന്നു പറയാൻ വഴിയില്ലാതെ ഇരിക്കുന്നു. അജ്ഞാനം മൂലമാണ് ബന്ധമെന്നു വരുന്ന സ്ഥിതിക്ക് ആ ബന്ധമുള്ളവനുതന്നെയാണല്ലോ മോക്ഷവും സിദ്ധിക്കേണ്ടതു്. അജ്ഞാനവും രാഗാദിയും ബുദ്ധിക്കുള്ളതെന്നും പുരുഷനുള്ളതല്ലെന്നും തീർച്ചയാണ്. അപ്പോൾ ബുദ്ധിയെസ്സംബന്ധിച്ച അജ്ഞാനരാഗാദികളാൽ പുരുഷനു ബന്ധവും മോക്ഷവും എങ്ങനെ ഘടിക്കും? ഇങ്ങനെ ആയാൽ "ചോരാപരാധാന്മാണ്ഡവ്യനിഗ്രഹം" എന്ന ന്യായമൊ, "ശുകസമാധിവശാദസ്മാകം മുക്തിസിദ്ധി" എന്ന നയമൊ വന്നുചേരുന്നു. പിന്നെ പ്രകൃതിനിഷ്ഠമായ ബന്ധമോക്ഷം സ്വാമിഭാവത്താൽ ഉപചാരമായി പുരുഷങ്കൽ ആരോപിക്കയാണെന്നു പറഞ്ഞാൽ പുരുഷൻ വെറും ഉദാസീനാവസ്ഥനാകയാൽ അതും യോജിക്കയില്ല. വി

CHATTAMPI SWAMI ARCHIVE

പരീതവിഷയത്തിൽ അന്തദാസീനന്മാരായ രാജാദികളെ ഉദാഹരിയ്ക്കത്തക്കതാണ്. ഈ മതപ്രകാരം സ്വതേ നിർമ്മലനായ പുരുഷനു പ്രകൃതി ഒരുവിധത്തിലും ഉപകരിയ്ക്കാൻ ശക്തയല്ലാത്തതിനാൽ ഇതുവഴി പ്രകൃതിയ്ക്കു സ്വത്വമെന്നതും ഇല്ലാതെ പോകുന്നു. ഇനിയും, പുരുഷൻ ഉദാസീനനായിരുന്നു ദൃശ്യദർശനവ്യാപാരം സംപാദിയ്ക്കുന്നുവെന്നാലതും വിഘാതം തന്നെ. യോഗ്യതയാൽ ദർശനം സിദ്ധിയ്ക്കുമെന്നാണെങ്കിൽ, ഈ യോഗ്യത നിലനില്ക്കുമ്പോൾ എപ്പോഴും പ്രവൃത്തി നടന്നുകൊണ്ടേ ഇരിയ്ക്കേണ്ടിവരികയാൽ മോക്ഷമുണ്ടാകയില്ല. യോഗ്യത നശിയ്ക്കുമെങ്കിൽ ദൃശ്യത്തിൽ വ്യാപാരമില്ലെന്നും വരും. പുരുഷന്റെ ഭോഗമോക്ഷങ്ങൾക്കായി പ്രകൃതി പ്രവർത്തിയ്ക്കുന്നു എന്ന നയം, അവസാനമില്ലാത്ത അദൃഷ്ടവിഷയങ്ങളിൽ പ്രവൃത്തി(യുണ്ടാക)യാൽ മോക്ഷമില്ലെന്നാക്കിത്തീർക്കുന്നു. ഇതു സാംഖ്യകാരികയ്ക്കു വിരുദ്ധമായുമിരിയ്ക്കുന്നു. ആകയാൽ ഈ മാതിരി മോക്ഷവും ഭംഗിയല്ല.

ഇതിനോടു സമാനസ്വഭാവമായ യോഗമതവും ഇതിനാൽ നിരസിയ്ക്കപ്പെട്ടു എന്നറിയേണ്ടതാണ്. യോഗികളുടെ മതപ്രകാരം ആത്മാവ് അനാനന്ദചിദ്രൂപനാകയാൽ സാക്ഷാല്ക്കരിച്ചാലും പുരുഷാർത്ഥമാകയില്ല. നിത്യാനുമേയമായ ഇതിൽ സാക്ഷാല്ക്കാരകല്പനം നിഷ്പ്രയോജനമാകകൊണ്ട് ഒടുവിൽ ജഡത്വം ശേഷിയ്ക്കും. ഈ വിധമുള്ള ആത്മാവിൽ നിർവ്വികല്പനിലവന്നാലും ജാഡ്യംതന്നെ. സവികല്പസ്ഥിതി വെറും സംസാരപ്രായവുമാണ്. അതിനാൽ ധ്യാനസമാധികൾ നിസ്സാരമാകുന്നുവെന്നു ബൃഹദ്യോഗവാസിഷ്ഠം നിർവ്വാണപ്രകരണം ഉത്തരഭാഗം 173-ാം സർഗ്ഗത്തിൽ പറഞ്ഞിരിയ്ക്കുന്നു.

സാംഖ്യയോഗങ്ങൾ രണ്ടും പരമപുരുഷാർത്ഥസാധനമായി പ്രസിദ്ധപ്പെട്ടതും ശിഷ്ടന്മാർ സമ്മതിച്ചിട്ടുള്ളതും ആയിരിയ്ക്കുന്ന സ്ഥിതിയ്ക്ക് ഇവ നിരസിയ്ക്കുന്നതെങ്ങനെയെന്നു ശങ്കവന്നാൽ, വേദസ്മൃതിവിരുദ്ധമായ സാംഖ്യജ്ഞാനംകൊണ്ടും വേദ(ജ്ഞാന)നിരപേക്ഷമായ യോഗമാർഗ്ഗംകൊണ്ടും മോക്ഷമുണ്ടാകയില്ലെന്നുമാത്രമാണ് നിഷേധതാല്പര്യമെന്നു "ശ്രീഭഗവല്പാദീയശാരീരകഭാഷ്യം" പറയുന്നതോർത്തു സമാധാനപ്പെടണം. യോഗം പോലെ കർമ്മയോഗാദികളും സാക്ഷാൽ മോക്ഷസാധനമാകയില്ലെന്നു "ന കർമ്മണാ ന പ്രജയാ ധനേന ത്യാഗേനൈകെ അമൃതത്വമാനശുഃ" എന്ന ശ്രുതി ഘോഷിയ്ക്കുന്നു. "ത്യാഗേന" എന്നതിന്, ത്യാഗത്താൽ സാധിയ്ക്കേണ്ട ജ്ഞാ

ന്ന

CHATTAMPI SWAMI ARCHIVE

നംകൊണ്ട് (ചിലർ മോക്ഷം പ്രാപിച്ചു) എന്ന "ഭാമതി" വിവരണമായ "കല്പതരു"വിൽ വ്യാഖ്യാനിച്ചിട്ടുമുണ്ട്. ശാഖാചംക്രമണം വിട്ടു പ്രകൃതമനുസരിയ്ക്കാം. ആത്മാവ്, സുഖരൂപനും നിത്യമുക്തനും ആയിരിയ്ക്കകൊണ്ടു മുമ്പുപറഞ്ഞ മതങ്ങളിൽ അതു പ്രസ്താവിച്ചില്ലെന്നിരുന്നാലും മുക്ത്യവസ്ഥയിൽ ആ നില ഉണ്ടായിരിയ്ക്കണമല്ലോ, എന്നു പറയുന്നതായാൽ അതു് (ആനന്ദരൂപതവും മററും) പരസ്പരമാകയാൽ ഇത്തരക്കാക്കിം നമുണ്ടാകയില്ലെന്നു സിദ്ധാന്തരഹസ്യമാകുന്നു.

സർവ്വജ്ഞകല്പന്മാരായ ഋഷികളുടെ മതപ്രകാരമുള്ള മോക്ഷം ആകപ്പാടെ ഇങ്ങനെ കലുഷമെന്നു വന്നസ്ഥിതിയ്ക്കു നവീനന്മാരുടെ "ആശാമോദക"സ്വർഗ്ഗത്തിന്നു ഈ വിചാരണയിൽ പ്രവേശാർഹതയേ ഇല്ല. അങ്ങനെയിരിയ്ക്കെ, "ഒരേ ഗൃഹത്തിൽ വസിയ്ക്കുന്ന സഹോദരങ്ങളിൽ ഓരോരുത്തർ ഭിന്നമതദ്രഷ്ടാക്കളെ (ബുദ്ധൻ നബി, മുതലായവരെ) മോക്ഷാർത്ഥം ആരാധിയ്ക്കുന്ന കാലം വന്നാൽ മെച്ചമായി" എന്നു് ഒരു ബിരുദധാരിയും, "മതത്തെ ഓരോരുത്തരുടെ സ്വാതന്ത്ര്യത്തിൽ വിട്ടുകൊടുക്കുന്നതാണു് ഉത്തമനയമെന്നും അങ്ങനെയായാൽ ഒരു നായർഭവനത്തിൽ ബ്രാഹ്മണമതക്കാരനും ക്രൈസ്തവനും മുഹമ്മദനും ബുദ്ധമതക്കാരനും ഉണ്ടായേക്കുമെന്ന സംഗതി തങ്ങൾ വിസ്മരിയ്ക്കുന്നില്ലെന്നും ഈ ഭാവിയിൽ ഒട്ടും ഭയമില്ലെന്നും ടി, മതങ്ങളെല്ലാം ഒരു ശാസ്ത്രീയ ഉൽകൃഷ്ടമതത്തിലേയ്ക്കുള്ള മാർഗ്ഗങ്ങളാണെന്നും ആ ഉൽകൃഷ്ടമതം ഒരു കാലം ലോകത്തിൽ സ്ഥാപിതമാകുമെന്നും— — — — അതെന്താണെന്നു ചിന്തിയ്ക്കാൻ വല്ലവരും ഒരുങ്ങുമെങ്കിൽ അതൊരനുഗ്രഹമായിക്കരുതണമെന്നും ടി, ശാസ്ത്രീയമതാന്വേഷകസംഘം നായന്മാരുടെ ഇടയിലുണ്ടായി ഭവിയ്ക്കുമെങ്കിൽ അവരുടെ മതപരിഷ്കാരത്തിനുള്ള ഉത്തമമായ മാർഗ്ഗം അതുതന്നെ എന്നും വേറൊരുകൂട്ടം വിരുദധാരികളും ഉൽഘോഷിയ്ക്കുന്നതു് എത്ര മൌഢ്യമാണു്. ചിന്താമണി കിട്ടാൻ വേണ്ടി ഒരു മന്ദൻ തപസ്സുചെയ്കയും ആയതു് എളുപ്പത്തിൽ പ്രത്യക്ഷമായതുനിമിത്തം ചിന്താമണിയല്ലെന്നു വിചാരിച്ചു് അതിനെ ധിക്കരിച്ചു വീണ്ടും തപം ചെയ്കയും ഉടനെ കാചമണി (നാറാണക്കല്ലു്) പ്രത്യക്ഷീഭവിച്ചപ്പോൾ കൃതാർത്ഥനടിച്ചുപോകയും ചെയ്ത കഥ ഇവിടെ ഓർമ്മിയ്ക്കുന്നു. ഒരു സരസൻ പറഞ്ഞതുപോലെ "ലൌകികപദ്ധതികളെ പരിഷ്കരിയ്ക്കേണ്ടവർ"

നമ്മുടെ മതത്തെ, "ഗോവികാരമാകയാൽ ഗോമയം പായസംതന്നെ" എന്നുൽഘോഷിച്ച് "ഗോമയപായസീയ" ന്യായത്തിലൊ "ഷഡംഗവ്യ"സംപ്രദായത്തിലൊ, ആക്കാൻ ശ്രമിയ്ക്കാതെ ആ സനാതനമതപ്രകാരം വൃത്തിയെ നയിച്ചെങ്കിൽ മതിയായിരുന്നു. അതു കൂടാതെ ഇങ്ങനെയെല്ലാം ജല്പിയ്ക്കുന്നതു കേട്ടാൽ, ഇത്തരക്കാർ "അചികിത്സ്യാ, ത്രിദോഷതാ" എന്നു "ഖണ്ഡന"കാരാചാര്യശ്രീഹർഷമിശ്രൻ പറഞ്ഞതുപോലെ ചികിത്സിയ്ക്കാൻ വയ്യാത്ത നിലയിലെത്തീട്ടില്ലയൊ എന്നു സംശയം തോന്നിപ്പോകുന്നു. "നമ്മുടെ മതത്തെ സംഹാരബലികഴിച്ച് അന്യമതമവലംബിച്ചു കളയാമെന്ന നാട്യം സാദ്ധ്യമായ സംഗതികളുടെ ചക്രവാളത്തിൽ ഉൾപ്പെട്ടതാമെന്നു തോന്നുന്നില്ല. അങ്ങനെയൊരു വാദം നമ്മുടെ സമുദായത്തിന് ഉന്മാദവികാരമായല്ലാതെ ഇപ്പോൾ തോന്നുകയില്ല" എന്നു വിദ്വാനായ ഒരു മാന്യബിരുദധാരി ഒരു സന്ദർഭത്തിൽ പറഞ്ഞത് എത്ര രസപ്രദവും യുക്തിയുക്തവുമായിരിയ്ക്കുന്നു. ലോകമാന്യമായ വല്ല വകുപ്പിലും അസാമാന്യധന്യതയുള്ളവരെന്നുവെച്ച ലോകോത്തരമായ മതരഹസ്യത്തിൽ "അഭിപ്രായം" പുറപ്പെടുവിയ്ക്കുന്നതു ശരിയല്ലെന്നു ചില വിദ്യാഭിമാനികൾ ഇനിയെങ്കിലും വിചാരിച്ചാൽ കൊള്ളാമെന്ന് അവരുടെ ബുദ്ധിവൈശദ്യയേയും സ്ഥാനമഹിമയേയും ഓർത്ത് താഴ്മയോടുകൂടി അപേക്ഷിയ്ക്കുന്നു.

"ഹിരണ്യഗർഭനാം കാര്യപരമേശന്റെ നിഷ്ഠയിൽ
നിരന്നനില സായുജ്ജ്യം സ്ഥിരമുക്തിതരും ക്രമാൽ"

[നാലുതരം മുക്തി പറയുമ്പോൾ, സായുജ്യം വിദേഹകൈവല്യമാണെങ്കിലും വിദേഹമുക്തി അഞ്ചാമത്തേതെന്ന പക്ഷത്തിൽ സായുജ്യം കാര്യബ്രഹ്മപ്രാപ്തിയാണ്. ഇതിനെ ക്രമമുക്തിയെന്നു സാധാരണ വ്യവഹരിയ്ക്കാറുള്ളതുകൊണ്ടാണ് "സ്ഥിരമുക്തി തരും ക്രമാൽ" എന്നു പറഞ്ഞത്.]

"ലക്ഷണത്താൽ. വിവക്ഷിച്ചുള്ള ക്ഷരാദിവിഭൂതിയെ
ലക്ഷമായ് വെച്ചതേത്താനായീക്ഷണംക്രമമുക്തിദം."

CHATTAMPI SWAMI ARCHIVE

[അകാരം ഉകാരം മകാരം അൎദ്ധമാത്ര എന്നിത്രയും സ്വരൂപമായുള്ള പ്രണവത്തേയൊ വേറെ ബീജമന്ത്രങ്ങളേയൊ വിധിപ്രകാരം താനായ്സങ്കല്പിച്ചുപാസിയ്ക്കുന്നതു ക്രമമുക്തിപ്രദമാണെന്നു താല്പൎയ്യം]

"ഇതാണ്'ഹംഗ്രഹധ്യാനം'
സതാം നിശ്ചയിതിങ്കലാം
അതാച്ചിന്ത്യാൽ പ്രതീകത്തിൻ
വിതാനം കൊൾകയില്ലിഹ." ൭

[ഉപാസ്യവസ്തു താനായിസ്സംകല്പിച്ചുപാസിയ്ക്കുന്ന ഇതു് അഹംഗ്രഹമാകുന്നു. ഉപാസ്യവസ്തു തങ്കൽനിന്നന്യമായി ഭാവിച്ചുപാസിയ്ക്കുന്നതു് അംഗോപാസന അല്ലെങ്കിൽ പ്രതീക (പ്രതീകൃതി—പ്രതിമ)ധ്യാനം. രണ്ടാമതു പറഞ്ഞതിൽ (അതാച്ചിന്ത്യാൽ=അബ്രഹ്മക്രതുഭാവത്താൽ) ബ്രഹ്മവസ്തു താനായിട്ടു സംകല്പിച്ചു് ഉപാസിയ്ക്കാത്തതിനാൽ പ്രതീകധ്യാനക്രമം നിഷിദ്ധമാണു് എന്നു സാരം. ഈ വിഷയം, "അപ്രതീകാലംബനാൻ നയതീതി ബാദരായണ ഉഭയഥാ ദോഷാൽ തൽക്രതുശ്ച" എന്ന സൂത്രം, (ഇതിൻെറ) ഭാഷ്യം, ഭാമതി, കല്പതരു മുതലായതിനാൽ സുസ്ഥാപിതമാകുന്നു. ക്ഷേത്രസംകേതാദികളിൽ ചെയ്യപ്പെടുന്ന സേവാൎച്ചനാദിക്രിയായോഗം ചൎയ്യയിൽ പെട്ടതാകയാൽ മേൽപ്രസ്താവിച്ച ഭാഗം അതിനു ബാധകമായിരിയ്ക്കുന്നില്ലെന്നു പ്രത്യേകം ഒാൎക്കേണ്ടതാണു്.]

"സ്വരൂപാവൃതി നീക്കും വൃത്ത്യാരൂഢജ്ഞാനസല്ക്കല
നീരൂപബ്രഹ്മമുക്തിയ്ക്കുള്ളാരൂന്നു പരസമ്മതം" ന്റ

[ആവൃതി=അജ്ഞാനാവരണം. വൃത്ത്യാരൂഢജ്ഞാനസല്ക്കല=ആ ശുദ്ധബ്രഹ്മം താനാകുന്നു എന്ന മാതിരി ബുദ്ധിവൃത്തിയിൽ ഉദയം ചെയ്യുന്ന ബോധകണിക. ബ്രഹ്മം സ്വരൂപമെന്നോ അരൂപമെന്നോ പറയുന്നതു ശരിയല്ലാത്തതിനാലാണു് നിൎവ്വചിയ്ക്കാൻ പാടില്ലാത്ത രൂപത്തോടുകൂടിയതു് എന്ന അൎത്ഥത്തിൽ "നീരൂപ"മെന്നു സിദ്ധാന്തിയ്ക്കുന്നതു്]

CHATTAMPI SWAMI ARCHIVE

"ജ്ഞാനത്തിനംഗി,ശ്രവണം; മനനം ധ്യാനമെന്നിവ
മനസ്സംക—വിപര്യാസവിനപോക്കിട്ടമംഗമാം." ൭

[വേദാന്തശ്രവണം അംഗിയാകയാൽ പ്രധാനവും, മനനവും നിദിദ്ധ്യാസന(ധ്യാന)വും മുറയ്ക്കു സംശയവിപര്യയങ്ങളെ നീക്കുന്ന അംഗങ്ങളാകയാൽ അമുഖ്യവും ആകുന്നു.]

"ഭക്തികൊണ്ടുളവായീടും
മുക്തിയെന്നതു മേന്മതാൻ
ശക്തിമത്താം വചസ്സെങ്കി-
ലുക്തിയ്ക്കർത്ഥം സ്വനിഷ്ഠയാം" ൮

ആചാര്യഭഗവല്പാദ-
നാചാന്താർണ്ണകലാംബുധി
സ്വചാരുചരിതൻ ഭക്തി,
വിചാരാർത്ഥത്തിലോതിനാൻ." ൯

[ആചാന്താർണ്ണകലാംബുധി=അക്ഷരസമാമ്നായക്കടൽ കുടിച്ചവൻ; വിദ്യാപാരഗൻ.]

"വിവേകാദികൾ,വാക്യാർത്ഥ
പ്രവേശം,ശ്രവണാദികൾ
നിവേദിച്ചീടുകീയെട്ടും
പ്രവേകജ്ഞാനസാധനം." ൧൦

[വിവേകാദികൾ=വിവേകം, വൈരാഗ്യം, ശമാദി, മുമുക്ഷുത്വം എന്നീ നാലു്; പിന്നെ തത്വമസ്യാദികളായ മഹാവാക്യങ്ങളുടെ അർത്ഥചിന്ത; ശ്രവണം, മനനം, നിദിദ്ധ്യാസനം എന്നീ മൂന്നു് ഇങ്ങനെ (പ്രവേക=)മുഖ്യജ്ഞാനസാധനം എട്ടാകുന്നു എന്നു താല്പര്യം.]

CHATTAMPI SWAMI ARCHIVE

"തല്പദത്വം പദാതൈ്ഥക്യ-
മല്പമന്തരമെന്നിയെ
ഉല്പന്നമാവാനീയെട്ടിൽ
നില്പമന്ന്ഭ്യസിയ്ക്കണം. ൧൧

ഭഗവൽഗ്ഗീത,വേദാന്ത-
മാഗമം ശാസ്ത്രമീവക
ആഗസ്സറേറാതിട്ടും യജ്ഞ-
ഭാഗം ദൂരാത്സഹായമാം." ൧൨

[ഹിംസാദിദോഷരഹിതമായ യാഗാദി, സഹകാരി (ആരാദുപകാരകം) അല്ലെങ്കിൽ അപ്രധാനസാധനമാകുന്നതേ ഉള്ളൂ എന്നാ സാരം.]

"ശ്രുതിവാക്യങ്ങളാൽക്കേൾക്ക,
മതിയിൽക്കൊൾക യുക്തിയാൽ
അതിനെത്തൻനിഷ്ഠമാക്കി-
പ്രതിപാലിയ്ക്ക ഭാവന. ൧൩

ശ്രവണം ഗുരുതങ്കേന്ന-
മവബോധിച്ച സംഗതി
കേവലം ലിംഗഷൾക്കത്താൽ
വിവരിച്ചറിയുന്നതാം." ൧൪

[ഉപക്രമോപസംഹാരം, അഭ്യാസം, അപൂർവ്വത, ഫലം, അത്ഥവാദം, ഉപപത്തി എന്നിവ ഷഡ്വിധലിംഗങ്ങളാകുന്നു. ഉപക്രമമെന്നാൽ പ്രകരണത്തിൻെറ ആരംഭം. ഉപസംഹാരം=പ്രകരണത്തിൻെറ സമാപ്തി. ആരംഭത്തിൽ ഉപദേശിച്ച അത്ഥംതന്നെ ഒടുക്കവും തുടൎന്ന് പറഞ്ഞവസാനിപ്പിയ്ക്കുന്നത് ഉപക്രമോപസംഹാരമെ

CHATTAMPI SWAMI ARCHIVE

ന്ന (ആദ്യത്തെ) ലിംഗമാകുന്നു. അദ്വൈതാൎത്ഥത്തെ വീണ്ടും വീണ്ടു മുപദേശിയ്ക്കുന്നതു് അഭ്യാസം. ഉപനിഷൽപ്രമാണത്താൽ മാത്രം അറിയപ്പെടാൻ ശക്യനാണു് പരമാത്മാവെന്നതു് അപൂൎവ്വത. അനൎത്ഥനിവൃത്തിയും ആനന്ദപ്രാപ്തിയും തന്നെ ആകുന്നു അദ്വൈതജ്ഞാനഫലം എന്നുള്ളതു ഫലമെന്ന നാലാമത്തെ ലിംഗമാകുന്നു. ഭേദ(ദ്വൈത)ജ്ഞാനത്തിന്റെ നിന്ദയും അഭേദജ്ഞാനത്തിന്റെ സ്തുതിയും ചേൎന്നതു് അൎത്ഥവാദമാകുന്നു. പ്രതിപാദിയ്ക്കുന്ന അദ്വൈതാൎത്ഥത്തിനു് ഇണങ്ങിയ ദൃഷ്ടാന്തങ്ങളുടെ പ്രകടനം ഉപപത്തിയെന്ന ആറാമത്തെ ലിംഗം.]

"ബോധാനുഗുണമാം യുക്തി
വിധാനം മനനം മതം
ആധാരമൊന്നിൽച്ചിത്തത്തി-
ന്നാധാനം ധ്യാനമായിടും. ൰൩

പ്രത്യഗ്ബ്രഹ്മൈക്യമാം വൃത്തി
പ്രത്യയം വാച്യതിൽപ്പെട്ടും
നിത്യചിത്തിൻ തനിവ്യക്തി
കൃത്യമാംജ്ഞാനമോൎക്കണം. ൰൪

ആറുനീന്തിക്കരെച്ചെന്നു
കേറുന്നോരമൊരാളതിൽ
അറുതിപ്പെട്ടതായെണ്ണും
പൊറുമക്കേട്ട പോകുവാൻ. ൰൫

മറുകൈക്കാരു കണ്ടെത്തി
വെറുതേ കരയാതെ താൻ
തേറു പത്താമനാണെന്നു
കുറുവാക്കു പരോക്ഷമാം. ൰൬

അതുതാനായ്ക്കേട്ടണയും
പോതു തന്നപരോക്ഷധീ
ഇതുപോൽ "തത്ത്വമസ്യാദി"-
യോതുമ്പോൾ സ്വാനുഭൂതിയാം. ൧൯

ചുട്ട ലോഹത്തിൽ വീഴ്ത്തുംനീർ
മട്ടജ്ഞാനത്തെ നീക്കിയാൽ
പെട്ടെന്നു വൃത്തിവിജ്ഞാന-
ക്കെട്ടകന്നിടമദ്വയം." ൨൦

ശുഭം. ശാന്തി.

## ശ്രീ പരദേവതാഷ്ടകം.

(പണ്ഡിതാത്മാശ്രമി ശ്രീ നീ. തീർത്ഥപാദസ്വാമി)

"നിരുപാധിസുഖസ്വഭാവയായ്-
കരുണാപൂർണ്ണപയഃപയോധിയായ്
അരുളും പരദേവതേ! വരം
തരുവാൻ പാർത്തു ദിനം കഴിയ്ക്കോലാ." ൧

[നിരുപാധിസുഖസ്വഭാവ=നിഷ്കളങ്കമല്ലെങ്കിൽ വിഷയസംബന്ധരഹിതമായ സുഖം (ആനന്ദം)തന്നെ സ്വരൂപമായുള്ളവൾ. ഉപാധിയ്ക്കു വിശേഷണമെന്നു നിഘണ്ടുക്കാർ അർത്ഥം പറയാറുണ്ട്; എന്നാൽ നിഷ്കർഷിച്ചു നോക്കുമ്പോൾ ഭേദമുണ്ടായിരിയ്ക്കും. അന്തഃകരണത്തെ 'അധികരിച്ചു'' (അടിസ്ഥാനമാക്കി) വിചാരിയ്ക്കാം; അപ്പോൾ സാക്ഷിഭാഗത്തിന്ന് അന്തഃകരണം ഉപാധിയായും കർത്താ, ഭോക്താവെന്ന ചിദാഭാസ (ഛായാ) അംശത്തിന്ന വിശേഷണമായും

CHATTAMPI SWAMI ARCHIVE

ഇരിയ്ക്കും. കൂടാതെ താക്കികമതത്തിൽ, കണ്ണഗോളത്താൽ ചുററപ്പെട്ട ആകാശം ശ്രോത്രമെന്നു പറയപ്പെടുന്നു. ഗോളകം ഇവിടെ ശ്രോത്രത്തിൻെറ സ്വരൂപത്തിൽ പ്രവേശിയ്ക്കാതെ, വെളിയിലുള്ള ആകാശത്തിൽനിന്നും ശ്രോത്രേന്ദ്രിയത്തെ തിരിച്ചറിയിയ്ക്കുന്നു. ഇതു പോലെ ഘടാകാശം എന്നേടത്തു് അവകാശം (ഇടം) കൊടുക്ക, സ്വഭാവമായിട്ടുള്ള ആകാശത്തിൽ കുടം, പ്രവേശിയ്ക്കാതെ മഹാകാശത്തിൽനിന്നും ഘടാകാശത്തെ അവച്ഛേദിച്ചു് (അളവിട്ടു) കാണിയ്ക്കുന്ന (വ്യാവത്തക) ഉപാധിയായി ഭവിയ്ക്കുന്നു. നീലോല്പലം എന്നും മററുമുള്ളിടത്തു വിശേഷണത്തിനു വസ്തുസ്വരൂപത്തിൽ പ്രവേശമുണ്ടു് എന്നു ഭേദം.]

"തവ മക്കടമുഷ്ടി വിട്ടമാ-
മവനം ചെയ്യൊരുനാൾ വരെയ്ക്കുഞാൻ
ശിവദേ! കടശുദ്ധി ചെയ്തുടൻ
ച്യവനപ്രാശമശിച്ചിരിയ്ക്കയോ?" ൨

[ജലബസ്തി മുതലായതുകൊണ്ടു ദേഹശുദ്ധിവരുത്തി, രസായനം സേവിച്ചു ദീഘജീവിതം സമ്പാദിച്ചിരിയ്ക്കേണ്ടി വരുന്നോ? ഇതു കഷ്ടപ്പാടല്ലയോ എന്നാശിശംക. കടശുദ്ധിയെന്നതു യോഗിജനപ്രസിദ്ധമായ വചനമാകുന്നു.]

"ഭുവനേശ്വരി! നിൻപദം തൊഴും
തവണക്കാരിലൊരുത്തനായെഴും
ഇവനെപ്പിടിവിട്ടു നിത്തിയാൽ-
ത്തവനാമാത്ഥഗതിയ്ക്കുതൊക്കുമോ?" ൩

[ഭുവനത്തിനു മുഴക്കെ ഈശ്വരിയായിരിയ്ക്കുമ്പോൾ എന്നെ കൈവെടിഞ്ഞാൽ ആ തിരുനാമം അനത്ഥമാകാതെ പോകയില്ലയൊ? എന്നു സാരം.]

"സകലേശ്വരി! നിൻെറ "ഭീധിതി"-
പ്രകടാ"ലോക"മതന്ത്യവാക്യമം



CHATTAMPI SWAMI ARCHIVE

പുകപാററിട്ടമെന്നട്ടക്കതറി-
യ്ക്കകമുണ്ടാവതു ദുശ്ശശപടം." ൪

[കലഹവിഷയമായ ഇതിലെ "ദീധിതി" ശബ്ദംകൊണ്ട് "ശി രോമണി"യുടെ— വാസുദേവസാർവ്വഭൌമപുത്രരഘുനാഥതക്കശിരോ മണി ഭട്ടാചാര്യരുടെ— സുപ്രസിദ്ധചിന്താമണിവിവരണഗ്രന്ഥ ത്തെ (പക്ഷെ ഖണ്ഡനഖാദ്യടീകയേ)യും "ആലോക"ശബ്ദം പ ക്ഷധരമിശ്രന്റെ തത്വചിന്താമണ്യാലോകത്തേയുംകൂടി ഉദ്ദേശി യ്ക്കുന്നു.]

"പരുഷം പറയുന്നതംബികേ!
തിരുമേനിയ്ക്കു പിടിച്ചിടാത്തതായ്
കരുതീട്ടമൊരുത്തനെങ്കില-
പ്പുരുഷൻ മാതൃഗുണങ്ങൾ കണ്ടതൊ?" ൫

വികസിച്ചു വരുന്ന പത്മകോ-
രകമൊപ്പം രസപൂർണ്ണമായിടും
സകലേശ്വചരിതൻ ദുഗന്തമെ-
ന്നകമേ കണ്ടു തൊഴുന്നു ഞാൻ ശിവേ! ൬

കരണപ്പുഴ വററി, മാനസ-
ത്തിരനന്നായ്ക്കിലയിച്ചു നിന്നിടും
ഒരവസ്ഥയിലേകസാക്ഷി നിൻ
സ്മരണം ശംകരി! കൈതൊഴുന്നു ഞാൻ. ൭

പരമേശ്വരി! നീ സുഷുമ്നയെ-
ന്നരപെററുള്ളൊരു നാഡിമാർഗ്ഗമായ്
കരയേറിയിളക്കമസ്സുധാ-
കരബിംബാമൃതമോത്തിടുന്നു ഞാൻ." ൮

CHATTAMPI SWAMI ARCHIVE

[കുണ്ഡലിശക്തിരൂപേണ ആധാരപത്മത്തിൽ വസിയ്ക്കുന്ന നീ മൂലബന്ധം മുതലായ ക്രിയയുടെ അഭ്യാസപാടവത്താൽ സ്ഥാനത്തുനിന്നിളക്കപ്പെട്ടുമ്പോൾ ബ്രഹ്മരന്ധ്രം പ്രാപിച്ച് അവിടെ പ്രതിഷ്ഠിതനായിരിയ്ക്കുന്ന ചന്ദ്രങ്കൽനിന്നു പുറപ്പെടുവിയ്ക്കുന്ന അമൃതരസമാസ്വാദിയ്ക്കുന്നുവെന്നു സാരം.]

"പണ്ഡിതാത്മാശ്രമിപദ-
മണ്ഡിതസ്സ്വാമിതീർത്ഥജം
ചണ്ഡിസ്തോത്രമിതേവന്നും
ഖണ്ഡിച്ചോതാം ശുഭപ്രദം." ൯

---

## ആ ത്മ വി ചാ ര പ ദ്യ.

(ശ്രീ നീ. തീർത്ഥസ്വാമി)

"നിത്യം പ്രാപിച്ചതായ് ത്തന്നേ
പ്രത്യക് ത്തത്ത്വമിരിയ്ക്കിലും
അത്യപേക്ഷിതമായ് ക്കാണാം
പ്രത്യയം മേല്പറഞ്ഞപോൽ. ൧

രൂപസ്പർശാദികൾക്കെല്ലാ-
മപഗ്രഥനവേളയിൽ
ഉപദേശിച്ചിടും ഭേദ-
മപഥത്തിങ്കലെങ്കിലും ൨

ഇതു—രൂപം—സ്പർശമെന്നാ
പൊതുജ്ഞാനമൊരിയ്ക്കിലും
ഏതുമേ ഭേദമേന്തുന്നി,-
ല്ലതുകൊണ്ടറി'വുണ്മ'യാം." ൩

CHATTAMPI SWAMI ARCHIVE

[ഓരോന്നായി പിരിച്ചു നോക്കുമ്പോൾ ശബ്ദസ്പർശരൂപാദികൾ വെവ്വേറെ സ്വഭാവത്തോടുകൂടിയതെന്ന നിലയിൽ ഭേദപ്പെട്ടിരുന്നാലും, ഇതു രൂപം ഇതു സ്പർശം എന്നു തുടങ്ങിയ വസ്തുസ്വരൂപജ്ഞാനം ഒരു കാലത്തും ഭേദിക്കുന്നില്ലാത്തതിനാലും "നിത്യത്വം സത്യത്വം തദ്യസ്യാസ്തി തന്നിത്യം സത്യം" എന്നു സർവ്വതന്ത്രസ്വതന്ത്രാചാര്യവാചസ്പതിമിശ്രൻ പറഞ്ഞപ്രകാരം കാലത്രയത്തിലും ബാധിക്കാത്ത സ്വഭാവമുള്ളതേ സത്യമായും ആസ്ഥാഗോചരമായും ഇരിക്കായുള്ളൂ എന്നതിനാലും ജ്ഞാനം ശാശ്വതമാകുന്നു എന്നു സാരം.]

"ദീപം പോലഖിലം കാട്ടു-
മപരിച്ഛിന്നസത്തെഴും
പ്രപഞ്ചകല്പനാധാര-
രൂപന്താൻ ബ്രഹ്മചേതനം." ൪

"ഇതിൻ സത്ത വഴിക്കാണി-
ങ്ങേതിനും സത്ത കാണ്മതു്
അതിനാൽ ബ്രഹ്മസത്തയ്ക്കീ-
സ്ഥിതിയുണ്ടേതുകാലവും. ൫

സത്തയെങ്ങുമൊരേരൂപ-
മൊത്തതാം, 'കാര്യദൃഷ്ടിയിൽ
വൃത്തഭേദം വരുന്നെങ്കിൽ,
ചിത്തമുത്തരവാദിയാം. ൬

"കടകം, ഘട"മെന്നുള്ള
പടവാക്കൊക്കെ മൂലമായ്
ഇട തൂന്നെങ്ങുമേ കാണാ-
മുടൻ കാരണസത്ത താൻ." ൭

["വാചാരംഭണം വികാരോ നാമധേയം മൃത്തികേത്യേവ സത്യം"

CHATTAMPI SWAMI ARCHIVE

എന്ന ഛാന്ദോഗ്യ ഉപനിഷത്തു് ഇവിടെ അനുസന്ധാനം ചെയ്യപ്പെടത്തക്കതാണു്]

"വികാരം വസ്തുവാകില്ലെ-
ന്നോകാന്തന്യായശാസനാൽ
ആകാരങ്ങളനിവ്വാച്യ-
മാകാനേ തരമായിട്ടു." ൮

[രജ്ജുവിൽ സപ്പമേമുണ്ടായി എന്നിരിയ്ക്കട്ടെ, എന്നാൽ ഭ്രാന്തികല്പിതമായ സപ്പവികാരം രജ്ജുസ്വരൂപത്തിൽ പറ്റുന്നില്ലല്ലൊ; പിന്നെയൊ! ആഭാസമാത്രമായിരിയ്ക്കുന്നു. ഇതു് അവ്യഭിചരിത (തെറ്റാത്ത) ന്യായസിദ്ധമാകയാൽ ആകാരകല്പന അനിവ്വചനീയമാണെന്നു താല്പര്യം]

"മായയിൽത്തോന്നി നില്ക്കും സൽ-
ച്ഛായയീശ്വരനായിട്ടും
ഈയവസ്ഥയിലാം സൃഷ്ടി-
ലയകായ്യങ്ങൾ കൊൾവതു്. ൯

"അഹമാത്മ"സ്സ്വഭാവത്തി-
ലൂഹഗോചരമായ് സദാ
ദേഹദ്വയം ചേൎന്നു സാക്ഷി-
യിഹകൂടസ്ഥനായ്വരും." ൧൦

[ഇദം (ഇതു് എന്ന) വൃത്തിയ്ക്കു വിഷയമായ സമസ്ത ജഡവസ്തുവും 'ഇദമാത്മാ'വും അഹംവൃത്തിയ്ക്കു വിഷയമായ സ്വചൈതന്യം) 'അഹമാത്മാ'വും ആകുന്നു എന്നു പ്രത്യയഭേദം ഗ്രഹിയ്ക്കേണ്ടതാണു്]

"തന്നതൻ സാക്ഷിയിൽപ്പററും
തന്നവാകമവിദ്യയിൽ

CHATTAMPI SWAMI ARCHIVE

അനുപ്രവിഷ്ടനാമാഭാ-
സനുതാൻ ജീവനെന്നു പേർ." ൧൧

[തന്തൻസാക്ഷി=ദേഹസാക്ഷി. തൻവാകുമവിദ്യ=അല്പ—പരിച്ഛിന്ന; അല്ലെങ്കിൽ ദേഹാവച്ഛിന്നയായ അവിദ്യ; (അന്തഃകരണമെന്നു സാമാന്യമായി മനസ്സിലാക്കാം). "ഗുണവചന"മാകയാൽ 'തന്റെ' എന്നു വൈകല്പിക ഹ്രസ്വം]

"ആകമാനം ചിദാഭാസൻ
സ്വകമായ്ക്കരുതീടിലും
ശോകമോഹാദി, ധീവൃത്തി-
പ്പകപ്പായ് ശ്രുതി ചൊൽവിതു്." ൧൨

["ധ്യായതീവ ലേലായതീവ" എന്ന ശ്രുതിയിൻ—, ബുദ്ധി, ധ്യാനവ്യാപാരത്തോടുകൂടിയതാകയാൽ ബുദ്ധിയിൽ നിഴലിച്ച ചിദാഭാസൻ (ബുദ്ധ്യനുകരണത്താൽ) ചലിയ്ക്കുന്നതുപോലെയും കരണങ്ങൾ ചലിയ്ക്കുമ്പോൾ 'വിളക്ക'സ്വഭാവത്തോടെ വൃത്തിവഴി അതതിൻ രൂപം ധരിയ്ക്കയാൽ (വിജ്ഞാനാത്മാവു്) ചലിയ്ക്കുന്നതുപോലെയും തോന്നുന്നു എന്നു പറയപ്പെട്ടിരിയ്ക്കുന്നു]

"കുഴിച്ചിടപ്പെട്ട പൊന്നിൻ-
കിഴിതൻമേൽ നടക്കിലും
കഴിവില്ലതുകാണ്മാന-
വ്വഴി തേറണമേവനും." ൧൩

"അവിദ്യതൻ കെട്ടുപാടാ-
ലീവിവിക്തപ്പുരം പൊരുൾ
അവിവേചനശീലനു
ഭുവി കണ്ടെത്തുവാൻ പണി." ൧൪

[അവിദ്യതൻകെട്ടുപാട്ട്=ജീവാത്മാവിനുള്ള അവിദ്യാബന്ധം. വിവിക്തം = പവിത്രം അല്ലെങ്കിൽ മററു വസ്തുവിൻെറ സംപർക്ക മററ.]

"അനാദിയായുള്ളവിദ്യ-
ക്കിനാവെന്തെങ്കിലാട്ടത്
വിനാശമടയാൻവേണ്ടി
ജ്ഞാനാജ്ഞാഗ്രന്ഥനാകണം." ൫൨

"മായാവിദ്യകൾ ചി(ൽ)ജ്ജീവ-
ച്ഛായാന്തകരണാദിയാൽ
ആയാസപ്പെട്ടു രണ്ടെന്നായ്-
പ്പോയാൽത്തന്നെയുമൊന്നുതാൻ." ൫൩

"ഈമട്ടാത്മപരാത്മാക്കൾ
സമപ്രകൃതിതന്നെയാം
താമസാവിദ്യയും മായാ-
ഭ്രമവും നീക്കി നോക്കിയാൽ." ൫൪

"അതു നീ", "ഞാൻ ബ്രഹ്മ"മെന്നായ്-
ച്ചതുർവ്വേദമുഖങ്ങളിൽ
ഓതുന്ന വാക്യമെല്ലാമീ-
ത്തോതു നോക്കി ഗ്രഹിയ്ക്കണം" ൫൫

[ഇവിടെ "തത്വമസി, അഹം ബ്രഹ്മാസ്മി" എന്ന രണ്ടു മഹാവാക്യങ്ങൾ ഓർക്കേണ്ടതാണ്]

"ശോധിച്ചാത്മാ ചിത്തൊടിപ്പോൾ-
ബ്ബാധിയ്ക്കാതൈക്യമാന്നിടും

CHATTAMPI SWAMI ARCHIVE

വിധിയ്ക്കു മുഖ്യസാമാനാ-
ധികരണ്യമിതെന്നു പേർ". ൧൯

[ഞാൻ ബ്രഹ്മം എന്ന വാക്യത്തിൽ 'ഞാൻ' എന്ന ശബ്ദത്താൽ കുറിക്കപ്പെടുന്ന ചിദാഭാസൻെറ സ്വരൂപം, സ്ഥാണുവിൽ ചോരബുദ്ധിയെന്നപോലെ, ബാധിച്ച ബ്രഹ്മത്തോട്ട് അഭേദം (ഐക്യം) ഉണ്ടാകുന്നതിനു 'ബാധസാമാനാധികരണ്യ'മെന്നു പറയുന്നു. ശോധിച്ച കൂടസ്ഥചൈതന്യത്തിന്, സ്വരൂപം ബാധിയ്ക്കാതെതന്നെ ബ്രഹ്മത്തോട്ട് ഐക്യമുണ്ടാകുന്ന രീതിയാണ് മുഖ്യസാമാനാധികരണ്യമെന്നു ധരിയ്ക്കേണ്ടതാകുന്നു]

"പിശാചകൻെറ കഥപോൽ
വശാൽ ജ്ഞാനത്തെയെണ്ണിയും
ക്ലേശാധിക്യമിതിൽപ്പാർത്ത-
മീശാന്ത്യം കളിയാക്കൊലാ." ൨൦

[പിശാചകനെന്നൊരാൾ വിറകൊടിയ്ക്കാനായി വനത്തിൽ പ്രവേശിച്ചപ്പോൾ അവിടെ നടന്ന മഹാവാക്യാഭ്യാസം കേട്ടു കാകതാലീയയോഗത്തിൽ (യദൃച്ഛയായ്) അയാൾക്കു പരമാത്മൈക്യജ്ഞാനമുണ്ടായ കഥ അടിസ്ഥാനമാക്കി, ശിശ്നോദരമാത്രപരായണന്മാരായിരുന്നുകൊണ്ട്, 'കാലം വരുമ്പോൾ താനേ ജ്ഞാനം വരും' എന്ന് ഒരു തരക്കാർ എണ്ണുന്ന സംപ്രദായവും മററും ഇതിനാൽ നിഷേധിയ്ക്കുന്നു]

"വരുണൻ ചൊല്പടി ഭൃഗു
വിരുന്നോതെത്ത്യമാന്നപോൽ
ഒരുവനു വിചാരത്താൽ
വരും ജ്ഞാനം പിഴച്ചിടാ." ൨൧

ശുഭം. ഓം തത് സത്.

CHATTAMPI SWAMI ARCHIVE

ജീവന്മുക്തിവിചാരപദ്യ—

(പണ്ഡിതാത്മാശ്രമി ശ്രീനീലകണ്ഠതീർത്ഥപാദസ്വാമി)

"ദേഹത്തിലെപ്പററ റുക്ക-
‘മഹമാത്മാവി’ലപ്പടി
മോഹമെന്നിയുറപ്പായാൽ
മഹല്പദമണഞ്ഞുപോയ്.

ഏകനുണ്ടായ ദിഗ്ഭ്രാന്തി
പകന്നാൽപ്പടിയുംഭ്രമം
അകന്നു ധീഭ്രാന്തി വന്നാ-
ലകമ്പപദമാർന്നുപോയ്." ൨

[ആർന്നുപോയ് എന്നു പറഞ്ഞതു് അപരോക്ഷത്വ(അനുഭവ)ദാർഢ്യം കാണിപ്പാനാണ്]

"ഇതാണു ജീവന്മുക്തന്റെ-
യേതാണ്ടു നിലയെങ്കിലും
ഏതാനും ലക്ഷണം കൊണ്ടി-
ങ്ങോതാം മൂന്നു വിഭാഗമായ്. ൩

[ഏതാണ്ടു നില എന്നു് അനിഷ്കൃഷ്ടരൂപത്തിൽ പറഞ്ഞതു് അന്തിമശരീരാരംഭകകർമ്മങ്ങളുടെ (പ്രാരബ്ധത്തിന്റെ) അവ്യവസ്ഥിതത്വം (നാനാത്വം) കൊണ്ടാകുന്നു എന്നു പ്രത്യേകമോർമ്മിക്കേണം]

"ലോകയാത്രയിലാഴ്ന്നോ-
നേകൻ ‘പാർത്ഥാദി’പോലെ, മേൽ
അകം പൊരുളും വിവേകാഢ്യ-
വകക്കാർ ‘ജനകാദി’പോൽ." ൪

വ്വ *

[അകംപൊരുൾ — — — ൻ = പ്രത്യഗാത്മവിഷയമായ ബോധം അതിദൃഢമായുള്ളവൻ]

"കരണങ്ങളടക്കിപ്പി-
ന്നൊരനക്കവുമററെഴും
നിരവദ്യസമാധിസ്ഥൻ
പരനോക്ക 'ശുകാദി'പോൽ." ൫

[മേല്പറഞ്ഞ മൂന്നുതരം ജീവന്മുക്തന്മാരിൽ, മുറയ്ക്കു സത്വാപത്തി, അസംസക്തി, പദാൎത്ഥഭാവന, തുൎയ്യ എന്ന ജ്ഞാനഭൂമികളിൽ നിലയുള്ള ബ്രഹ്മവിത്ത്, ബ്രഹ്മവിദ്വരൻ, ബ്രഹ്മവിദ്വരീയാൻ, ബ്രഹ്മവിദ്വരിഷ്ഠൻ എന്നീ നാലു തരക്കാരും അന്തൎഭവിക്കുന്നതാകുന്നു. ("വ്യാസാദധിക ഏവാഹം വ്യാസശിഷ്യോസി തത്സുതഃ । ഭോഗേച്ഛാനാവേനേഹ മത്തോപ്യത്യധികോ ഭവാൻ" എന്നു വിദേഹരാജാവു പറഞ്ഞതുകൊണ്ട് ഇവരുടെ ജീവന്മുക്തി സുഖതാരതമ്യം ഗ്രഹിയ്ക്കാവുന്നതാണ്. 'ശസ്ത്രാണി ദയിതാംഗാനി ലഗ്നാന്യംഗെ നിരംബരേ, യോ ബുദ്ധ്യമാനഃ സുസമഃ സ പരസ്മിൻപദെ സ്ഥിതഃ' എന്നപോലെയുള്ള വരിഷ്ഠന്റെ ലക്ഷണം ബ്രഹ്മവിത്തിൽ പരീക്ഷിച്ചു ചിലർ ഇച്ഛാഭംഗപ്പെടുന്നതു് ഇതിനാൽ നിരസിയ്ക്കപ്പെട്ടിരിയ്ക്കുന്നു]

"അവസാനശരീരത്തി-
ന്നവലംബനമായിട്ടും
'അവശ്യം ഭാവി'യാൽ മാറു-
ന്നിവൎക്ക 'ഗതിയൊന്നു താൻ'. ൬
പ്രവിവിക്തജ്ഞാനമാവി-
ൎഭവിയ്ക്കുന്നക്ഷണംകെട്ടും
അവിശേഷമശേഷൌഘം
ഭാവി പററ റുപോയിട്ടും." ൭

['തദധിഗമ ഉത്തരപൂൎവ്വാഘയോരശ്ലേഷവിനാശൌ തദ്വ്യപദേ

CHATTAMPI SWAMI ARCHIVE

ശാൽ' എന്ന ബ്രഹ്മസൂത്രത്തിന്റെ താല്പര്യം ഇവിടെ സംഗ്രഹിച്ചിരിക്കുന്നു]

"ശ്രുതിവൈയാസികന്യായേ-
തിഹാസങ്ങളുരയ്ക്കയാൽ
ഇതിന്മണ്ണം തന്നെ പുണ്യ-
ഗതിയും കണ്ടുകൊള്ളണം." ൮൮

['ഇതരസ്യാപ്യേവമസംശ്ലേഷഃ പാതെ ത്തു' എന്ന ബ്രഹ്മമീമാംസാസൂത്രവും കൌഷീതക്യുപനിഷത്തു മുതലായതും ഇവിടെ അനുസന്ധേയമാകുന്നു.]

സമാപ്തം. ശുഭം. ശാന്തി.

CHATTAMPI SWAMI ARCHIVE

## വില്പാൻ സജ്ജമായ പുസ്തകങ്ങൾ.

| | | | |
|---|---|---|---|
| 1. | കണ്ഠാമൃതം (ബ്രഹ്മസൂത്രഭാഷാവാർത്തികം) | .... | 0—4—0 |
| 2. | ഹഠയോഗപ്രദീപിക (കിളിപ്പാട്ട്) | .... .... | 0—2—0 |
| 3. | അദ്വൈതസ്തബകം—ഭാഷാപദ്യം | .... .... | 0—4—0 |
| 4. | ദേവാർച്ചാപദ്ധതി (പൂജാകല്പലത) | .... .... | 0-10—0 |
| 5. | ആചാരപദ്ധതി | .... — .... .... .... | 0-14—0 |
| 6. | ബ്രഹ്മാഞ്ജലി (1-ാം ഭാഗം) | ... .... .... | 0—4—0 |
| 7. | ടി (2-ാം ഭാഗം) | .... .... | 0—6—0 |

## സംസ്കൃതനാഗരപുസ്തകം:–

| | | | |
|---|---|---|---|
| 1. | ബാലാഹസ്വാമിചരണാഭരണം (സദ്ഗുരുസർവസ്വം) | .... .... .... .... | 0—3—0 |
| 2. | തീർത്ഥചര്യാ | .... .... .... .... | 0—4—0 |
| 3. | യോഗാമൃതതരംഗിണി | .... .... .... | 0—3—0 |
| 4. | ശ്രീകണ്ഠാമൃതലഹരി | .... .... .... | 0—3—0 |

To be had of

൧. കാര്യക്കാർ,
കൊട്ട്ളായ്ക്കൽ,
ഇരിങ്ങാലക്കുട. അഞ്ചൽ (P. O.)

൨. ബ്രഹ്മശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികൾ,
കൈതവനമഠം.
ആതിനാട്ട തെക്ക്, ക്ലാപ്പന (Travancore)

---

മുദ്രണാവസ്ഥയിൽ ഇരിക്കുന്ന പുസ്തകം:—

മെസ്സേർസ് പി. കെ. നാണുപിള്ള എസ്. എൻ. കൃഷ്ണപിള്ള ബി. എ. ഇവരാലെഴുതപ്പെട്ടതും "സാഹിത്യപഞ്ചാനനൻ" പി. കെ. നാരായണപിള്ള അവർകളുടെ അത്യുജ്ജ്വലമായ പ്രസ്താവനയോടു കൂടിയതും ആകർഷകവുമായ ശ്രീനീലകണ്ഠതീർത്ഥപാദസ്വാമിചരിത്രസമുച്ചയം. മേത്തരം റുപാ രണ്ടര. സാധാരണ തരം റുപാ രണ്ട്.

---

വാണീകളേബരം പ്രസ്സ്—തൃശ്ശിവപേരൂർ.

CHATTAMPI SWAMI ARCHIVE